College Magazine
**2024-25**

# യുവധ്വനി

## The Voice of Youth



*Sree Ramavarma Govt. Sanskrit College*
*Tripunithura*

# *Our Principal*



**Dr. K.D. SOBHA**

# EDITORIAL BOARD



**Dr. Indulekha A.B**
Staff Editor
Dept. of Vyakarana



**Athulya S**
Magazine Editor



**Dr. Sharika Sasi**
General Department



**Vijayalakshmu C.G**
Asst. Professor
Dept. of Sahithya



**Saritha K.V**
Asst. Professor
Dept. of English



**Arya Anilkumar**
Student Editor



**Rohith Krishna T.S**
Student Editor

# COLLEGE UNION 2024-25



Sujith P
Chairperson



Jilna S B Raj
Vice Chairperson



Pranav N Sahadevan
General Secretary



Ambika M N
UUC



Adithya N S
Arts Club Secretary



Athulya S
Magazine Editor

# LADY REPRESENTATIVES



Arathi J A
Lady Representative



Nandana Ajesh
Lady Representative

# CLASS REPRESENTATIVES



Nidhuna N
1st UG Representative




Farsana Faisal
2st UG Representative



Vyshak
3rd UG Representative



Seethalakshmi
1st PG Representative



Jyothika K V
2 nd PG Representative











# ഉള്ളടക്കം

റിപ്പോർട്ട്

അനുസ്മരണ കുറിപ്പുകൾ

കവിതകൾ

കഥകൾ

മുക്തകങ്ങൾ

ലേഖനങ്ങൾ

ഇംഗ്ലീഷ് ലേഖനങ്ങൾ

ക്യാമ്പസ് സ്മരണകളും

നേർക്കാഴ്ചകളും



FOUNDER

RAJARSHI RAMAVARMA

**1852-1932**

# ഇതൊരു കയ്യൊപ്പ്

മനോഹരമായ ഒരു അദ്ധ്യയന വർഷം കൂടി കടന്നു പോയിരിക്കുന്നു. ആ ഓർമ്മകൾ ശബ്ദങ്ങളാകുന്ന വാക്കുകളിലൂടെ നിങ്ങൾക്കായി കോറിയിടുന്നു. ഓരോ മനുഷ്യന്റെയും മറക്കാൻ കഴിയാത്ത ഒരുപിടി നല്ല ഓർമ്മകൾ സമ്മാനിക്കുന്ന ജീവിത കാലഘട്ടമാണ് കലാലയ ജീവിതം. വിദ്യാഭ്യാസമാണ് ഒരു മനുഷ്യനെ പരിപൂർണ്ണനാക്കുന്നത്. പഠനത്തോടൊപ്പം പലതരത്തിലുള്ള മികവുറ്റ കഴിവുകളും വിദ്യാർത്ഥികളിൽ പ്രകടമാണ്. അത്തരം കഴിവുകളെ തുറന്നുകാട്ടുന്നതിന് സഹായകരമാകുന്ന ഒന്നാണ് മാഗസിൻ. ജനങ്ങൾ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം. നിങ്ങൾ എന്തിനാണ് എസ്.എഫ്. ഐ എന്ന പ്രസ്ഥാനത്തിന്റെ ഭാഗമായതെന്നു ചോദിച്ചാൽ ഞങ്ങൾ പറയും ലോകമെമ്പാടുമുള്ള മനുഷ്യന്റെ പ്രയാസങ്ങളെ, വിമോചന സ്വപ്നങ്ങളെ, പ്രതീക്ഷകളെ ജീവശ്വാസം പോലെ ചേർത്തു പിടിക്കാൻ ഞങ്ങളെ പഠിപ്പിച്ചു തന്നത് എന്താണോ അത് ഈ പ്രസ്ഥാനമാണ്. ഈ പ്രസ്ഥാനത്തിന് ഹിന്ദു ഇല്ല മുസ്ലീം ഇല്ല ക്രിസ്ത്യാനി ഇല്ല മനുഷ്യനെ ഉള്ളു അതും രണ്ടിനം ആണും, പെണ്ണും. കേട്ടാലും കേട്ടാലും മനസ്സിനെ കോരിത്തരിപ്പിച്ചുകൊണ്ടിരിക്കുന്ന വാക്കുകൾ സ്വാതന്ത്ര്യം ജനാധിപത്യം സോഷ്യലിസം മുട്ട് മടക്കി നിന്ന ഒരു വിദ്യാർത്ഥി സമൂഹത്തെ മുഷ്ടി ചുരുട്ടാൻ പഠിപ്പിച്ച വിദ്യാർത്ഥി പ്രസ്ഥാനം. ഒറ്റയ്ക്ക് നേടാൻ ആഗ്രഹിക്കുന്ന പലതും ഒരു സംഘടനയായി നിന്നാൽ എളുപ്പത്തിൽ നേടാൻ കഴിയും എന്നും എല്ലാ മനുഷ്യരേയും ഒന്നായി കാണുവാനും കഴിയുന്ന സംഘടന മാനവികത എന്ന മൂല്യമുയർത്തിപ്പിടിച്ചുകൊണ്ട് വിദ്യാർത്ഥി സംഘടന എന്നും നിങ്ങൾക്കൊപ്പം ഉണ്ടാകും. കഴിഞ്ഞുപോയ ഒരു പിടി നല്ല നിമിഷങ്ങൾ ഓർക്കുമ്പോൾ മനസ്സിനെ പുളകം കൊള്ളിക്കുന്ന ഓർമ്മകൾ പുതിയ വിദ്യാർത്ഥി സുഹൃത്തുക്കൾക്കും മറ്റ് എല്ലാവർക്കും പ്രചോദനമാകട്ടെ എന്നും നല്ലൊരു നാളയെ വാർത്തെടുക്കാൻ യുവത്വത്തിന്റെ ശബ്ദത്തിനും കഴിയുമെന്ന വിശ്വാസത്തോടെ നിങ്ങൾക്കായി സമർപ്പിക്കുന്നു.




**Athulya S**
**Magazine Editor**

# ANNUAL REPORT 2024-25

Govt. Sanskrit College, Tripunithura was established in 1914 by the erstwhile King of Kochi, His Highness Rajarshi Ramavarma with the aim of promoting the study and propagation of Sanskrit language and Literature. Initially, the institution was known as Sanskrit Pathasala, later this Pathasala was taken over by the Government and renamed as Govt. Sanskrit college. Today, it is one of the leading Institution for Sanskrit studies in South India. The College offers five Degree courses and four P G courses for Sanskrit special, and also a Research Centre since 1993 under Mahatma Gandhi University, Kottayam. In this academic year, 89% of P G and 64% of UG students passed the University Examination.

After the summer vacation the College reopened on 3rd June 2024. The 3rd and 5th semester Degree and 3rd semester MA classes began on June 3rd itself. Many activities have been carried out this year to improve both the academic standards and the infrastructure facilities of the College. In all these efforts we have received immense help and cooperation from the Higher Education Department, Teaching and Non-Teaching Staff, PTA, College Committee, students and Local Self Government Institution.

As soon as the college re-opened various committees and clubs were constituted for the smooth conduct of different academic and extracurricular activities of the college. This academic year has a specialty. From this year onwards the three-year degree program is changed into four-year undergraduate Honors program (FYUGP) in all higher education institutions in the state. As per the instructions of the University, preparations were made early before the college re-opening for the starting of Four Year UG Honors program. For this, we selected Dr. Ranjini M, Head of the department of Vedanta as the college level Nodal officer. Academic Committee and College level Monitoring Committee were also formed as per the university rule. FYUGP- (MGU-UGP) inauguration was conducted on 10th July 2024.

As per the direction from the state Government, the event was celebrated as “Vinjanolsovam” and it was successfully organised with the support of all members of the college and the Local Self-Government. FYUGP entrance ceremony of Govt Sanskrit college, Tripunithura featured following programs. On 10th July 2024 the newly admitted students, their parents, faculty members, non -teaching staff, PTA and all the other students assembled in the college auditorium at 9:30 AM. The program started with a welcome speech by Dr. Saritha Maheswaran, Head of the department of Sahitya. After that, Dr. Ranjini M, College level Nodal Officer introduced the structure, the special features, syllabus, examination methods and benefit of the new introduced program in detail. Following that college Vice principal Dr. K C Suseela, all the Heads of departments, IQAC Coordinator and teachers in charges of various committees and clubs explained academic and non-academic activities of the College. The first meeting ended at 10:50 AM. The second meeting began at 11:00 AM. In this meeting Dr. KG Paulose, former Kalamandalam Vice Chancellor and formal principal of this college was Honored by the Municipal Chairperson Smt. Rema Santhosh for his prestigious achievement of Kendriya Sahitya Academy's Bhasha Saman Puraskar. Then Dr. K. G Paulose gave a very meaningful talk about the new Four-Year Undergraduate Honors Program and its benefits to students and society. Then Sri. KK Pradeep Kumar Vice chairman of Tripunithra Municipal office (an alumnus of this college) and Savithri Narasimha Rao Ward Councilor congratulated the students those who secured rank in the University Examination 2023-24. The meeting ended at 11:50 AM. Subsequently state level inauguration of FYUGP which was done by the Hon'ble Chief Minister of Kerala at Thiruvananthapuram was screened and watched online by everyone in the Auditorium. After the state level inauguration, Smt. Rema Santhosh inaugurated FYUGP of our College and after lunch the program ended with various cultural program performed by our students.

SASTRA SADAS 2024-2025

As usual the 2024-25 years Sastra Sadas was held at 26th to 29th December 2024. On December 26th various Sanskrit competitions were conducted, such as Sanskrit Recitation, Akshra sloka, Sanskrit quiz for School and college students. All the competitions were notable with the impressive performances of the participants and with the organizational excellence of the teachers and students at this college.

The inauguration of Vakyartha Vicara was on 27th December 2024. It was decided to hold a grand inaugural function of the Vakyartha Sadas with the participation of prominent personalities. However, due to the sad demise of our former Hon'ble Prime Minister Dr. Manmohan Singh, the formal inauguration session was cancelled. Dr. Rama Krishna Bhatt the president of vakyatha Vicara lit a lamp and began the Vakyatha Vicara as per schedule. In this year, many scholars, Teachers and Students participated in Vakyartha -Vicara from in and outside of Kerala and all the participants performed very Well. The Participants and audience opined that this year's Vakyartha Sadas was quite remarkable compared to previous years due to the seriousness of the topic presented, as well as the excellent presentation and organizational excellence. This year's Sastra Sadas ended at 5:30 PM on 29th December 2024 with a heartfelt words of gratitude by Dr. Udayakumar, the convenor of Vakyartha-Vicara.

PARIKSHIT MEMORIAL INTERNATIONAL LECTURE 2024-2025

The annual Parikshit Memorial Lecture, held in honor of Darshana Kalanidhi Parikshit Thampuran—the esteemed patron of the college—was conducted on 20th March 2025. The lecture was delivered by the renowned writer Sri. C. Radhakrishnan on the topic "Advaitavedantavum Aadhunika Shastravum." The event was inaugurated by Dr. C. T. Aravind Kumar, Hon'ble Vice Chancellor of Mahatma Gandhi University, Kottayam. Following the lecture, an engaging discussion was led by Dr. Muthulakshmi, former Pro Vice Chancellor of Sree Sankaracharya University, Kalady. The session proved to be highly insightful and intellectually stimulating for the audience. The program concluded at 5 PM with a vote of thanks delivered by Smt. Gigy V., the co-coordinator of the event.

NSS ACTIVITIES

National Service Scheme Unit of this college organized various activities under the leadership of the PRO Smt. Gigy. V. A blood donation Camp was conducted in collaboration with Mathrubhumi Study Circle Thiruvankulam and IMA unit. NSS Special Camp was held from 21st December to 27th 2024 at SN High School Ayyapankavu, Ernakulam. The school surroundings were cleaned and school premises were beautified with planting flowering plants by our volunteers.

COLLEGE UNION ACTIVITIES

This year's college union was sworn on 23rd October 2024.

Sujit P, MA Second year Vyakarana student was elected as the union chairman while Jilna S, Pranav N Sahadevan, Ambika M.N, Aditya N. S, Athulya S, Nandana Ajesh and Arathi J.A., took over the duties of Vice Chairman, General Secretory, University Union Councilor, Arts club Secretory, Magazine Editor and Lady Representatives Respectively. The Union actively contributed to the success of all college programs, demonstrating excellent teamwork and coordination. A notable achievement this year was the increased student participation and success in the University Union Arts Festival held in Kottayam. The followings students won prizes in various competitions.

Kumari. Malavika Vinod won First Position in Sanskrit Essay Writing competition with A grade and Third position with A grade in short story writing in Sanskrit. Nivetha K. N, Farsana Faizal, Aiswarya A.S, Meenakshi V. M, Daniya Rafi and Devika won A grade in various Competitions. Dr Sarika Sasi, as the staff advisor, very efficiently co-ordinated all student-related activities during the year.

With the NAAC visit anticipated this year, the dedicated efforts of the team led by NAAC Coordinator Dr. P. V. Ajikumar deserve special recognition. A major achievement during this period was the successful resolution of the college's drinking water shortage through the renovation of the water purification tank, funded by the Vedanta Department.

Equally commendable were the initiatives led by Dr. Binoy K. R., Head of the Department of Physical Education. In addition to offering effective coaching to students, he took the initiative to construct a Kabaddi court entirely without financial assistance from the college.

The contributions of Dr. Jyotsna G., Convenor of the Research Wing, were also noteworthy. She conducted online NET coaching sessions for both research scholars and postgraduate students, adding significant academic value.

Overall, the academic year 2024–2025 was marked by numerous academic and extracurricular achievements. Various college committees and clubs—such as the Nature Club, Malinyamuktam, NSS, Women's Cell, Arts Club, Jeevani, Literary Club, Akshara Sloka Samithi, and LED Club—carried out impactful activities throughout the year. Among them, the outstanding and tireless efforts of Dr. Indulekha and Smt. Sarika A., Convenors of the Nature Club and Malinyamuktam, were especially praiseworthy.

Along with all the above achievements the college experienced a huge loss that overshadowed all the accomplishments made through the collective effort of everyone in the college. The entire Sanskrit College community was deeply shaken by the untimely and heartbreaking passing of Dr. Ranjini M., Head of the Department of Vedanta. A dedicated teacher, Dr. Ranjini was cherished by everyone in the campus. She held a deep affection for her students, treating each one with warmth and respect. Her unwavering commitment to the college was evident in her tireless involvement in all activities, always working to unite and uplift the community. Dr. Ranjini M. tragically lost her life in a road accident in Kalady on 27th March 2025. She was an exemplary educator who consistently placed the needs of the college and society above her own. This report concludes with a tearful tribute to the everlasting memory of dear Dr. Ranjini. M.

# കോളേജ് യൂണിയൻ റിപ്പോർട്ട്

**കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ്**

07.10.2024 ൽ നടന്ന കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ എതിരില്ലാതെ മുഴുവൻ സീറ്റിലും എസ്.എഫ്. ഐ. വിദ്യാർത്ഥികൾ വിജയം കൈവരിച്ചു.

കോളേജ് യൂണിയൻ ഭാരവാഹികൾ

| | | |
|---|---|---|
| ചെയർമാൻ | – | സുജിത്ത് പി. |
| വൈസ് ചെയർപേഴ്സൺ | – | ജിൽന എസ്. ബി. രാജ് |
| ജനറൽ സെക്രട്ടറി | – | പ്രണവ് എൻ സഹദേവൻ |
| ആർട്സ് ക്ലബ് സെക്രട്ടറി | – | ആദിത്യ എൻ.എസ് |
| മാഗസിൻ എഡിറ്റർ | – | അതുല്യ എസ് |
| യു.യു.സി. | – | അംബിക എം.എൻ |
| ലേഡി റെപ്പ് | – | ആരതി ജെ.എ, നന്ദന അജേഷ് |
| ഒന്നാം വർഷ ബി.എ. റെപ്പ് | – | നിഥുന എൻ |
| രണ്ടാം വർഷ ബി.എ. റെപ്പ് | – | ഫർസാന ഫൈസൽ |
| ഒന്നാം വർഷ പി.ജി. റെപ്പ് | – | സീതാലക്ഷ്മി |
| രണ്ടാം വർഷം പി.ജി. റെപ്പ് | – | ജ്യോതിക കെ.ബി |

**കോളേജ് യൂണിയൻ ആർട്സ് ക്ലബ്ബ് സംയുക്ത ഉദ്ഘാടനം**

കോളേജ് യൂണിയന്റെയും ആർട്സ് ക്ലബ്ബിന്റെയും സംയുക്ത ഉദ്ഘാടനം 2024 ഡിസംബർ 13-ാം തീയതി ബഹു. തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റി വൈസ് ചെയർപേഴ്സൺ കെ.കെ. പ്രദീപ് കുമാർ നിർവ്വഹിച്ചു. അതിനോടൊപ്പം മ്യൂസിഷനും ഫ്ളൂട്ടിസ്റ്റുമായ രാജേഷ് ചേർത്തല ആർട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

**ക്രിസ്തുമസ് ആഘോഷം**

2024 ഡിസംബർ 19-ാം തീയതി പ്രിൻസിപ്പൽ കെ.ഡി. ശോഭ വൈസ് പ്രിൻസിപ്പാൾ സുശീല എന്നിവർ പുതുവത്സരാശംസകൾ നേർന്നുകൊണ്ട് ക്രിസ്തുമസ് ആഘോഷം ആരംഭിച്ചു. കോളേജിലെ വിദ്യാർത്ഥി പപ്പാനി വേഷം ധരിച്ച് എത്തുകയും, വിദ്യാർത്ഥികളും അദ്ധ്യാപകരും അവരവരാൽ കഴിയുന്ന കലാപരിപാടികൾ അവതരിപ്പിച്ചും ഈ ആഘോഷം അതിമനോഹരമാക്കി.

**ആർട്സ് ഡേ**

12.02.2025, 13.02.2025 എന്നീ തിയതികളിൽ രണ്ടു ദിവസത്തെ ആർട്സ് ഡേ പരിപാടികൾ സംഘടിപ്പിച്ചു. വിവിധയിനം മത്സരങ്ങളിൽ മുഴുവൻ വിദ്യാർത്ഥികളും പങ്കാളികളായി. എം.ജി യൂണിവേഴ്സിറ്റി കലോത്സവത്തിൽ പങ്കെടുക്കാൻ വിദ്യാർത്ഥികളെ സന്നദ്ധരാക്കുവാൻ ഈ പരിപാടിയിലൂടെ സാധിച്ചു. പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികളേയും ട്രോഫി നൽകി ആദരിച്ചു.

**കലോത്സവം**


മാർച്ച് 17 മുതൽ 23 വരെ തൊടുപുഴ അൽ-അസാർ ക്യാമ്പസിൽ നടന്ന കലോത്സവത്തിൽ യൂണിയൻ ഭാരവാഹികളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു. ഓരോ വിദ്യാർത്ഥിയുടെയും കഴിവ് എന്താണെന്നു മനസ്സിലാക്കി അവരെ കലോത്സവ വേദിയിലേക്ക് എത്തിക്കാൻ യൂണിയൻ അംഗങ്ങൾ ശ്രമിച്ചിരുന്നു. ഒട്ടനവധി ക്ലേശങ്ങൾ അനുഭവപ്പെട്ടിട്ടും സാഹസികമായ യാത്രകളിലൂടെയാണ് യൂണിയൻ അംഗങ്ങൾ കൃത്യസമയത്ത് മത്സരാർത്ഥികളെ കലോത്സവ വേദിയിൽ എത്തിച്ചത്. അതിൽ ഏറ്റവും സന്തോഷമായത് പങ്കെടുക്കുന്ന ഭൂരിപക്ഷവിദ്യാർത്ഥികളും വിജയം കൈവരിച്ചു എന്നതാണ്.

മാളവിക വിനോദ് (essay writting sanskrit) 1st A grade, മാളവിക വിനോദ് (Short story writting sanskrit) 3rd A grade,, ദേവിക കെ.എ. (Short Stroy writting English) A grade, (ഫർസാന ഫൈസൽ (മാപ്പിളപ്പാട്ട്) എ ഗ്രേഡ്, നിവേദ കെ.എൻ (കവിതാപാരായണം) എ ഗ്രേഡ്, ഐശ്വര്യ എ.എസ്. (ഫിലിം റിവ്യൂ) എ.ഗ്രേഡ് ,മീനാക്ഷി വി.എം ശാസ്ത്രീയ സംഗീതം A grade ദാനിയ റാഫി എം (Poetry Recitation) A grade എന്നിവ കരസ്ഥമാക്കുകയും ചെയ്തു. കൂടാതെ രോഹിത് കൃഷ്ണ ടി.എസ് (മലയാളം കവിതാരചന) ഫർസാന ഫൈസൽ, (മെഹന്തി), ശ്രീലക്ഷ്മി കെ.ആർ. (ഉപന്യാസം മലയാളം) എന്നീ മത്സരങ്ങളിലും പങ്കെടുത്തു. എം.ജി. യൂണിവേഴ്സിറ്റി കലോത്സവത്തിൽ ആദ്യമായിട്ടാണ് നമുക്ക് ഇത്രയും വലിയ വിജയം കൈവരിക്കാൻ സാധിച്ചത്. 230 കോളേജുകളിൽ നിന്നും പോയിന്റ് നിരയിൽ 36-ാമത്തെ സ്ഥാനത്തേക്ക് എത്താൻ സാധിച്ചു.



# ആദരാഞ്ജലികൾ

# ഓർമ്മകളിലൂടെ.....











# ടീച്ചറമ്മ

*Adithya N.S.*
*1st MA Vedanta*

2021 ൽ ആണ് ഞാൻ ഗവ.സംസ്കൃതകോളേജിലേക്ക് വരുന്നത്, 2021-24 ബി.എ.വേദാന്തബാച്ച് ആയിരുന്നു. 2021 കാലഘട്ടം ആയത്കൊണ്ടുതന്നെ കൊറോണ ഭീതിയിൽ ഓൺലൈൻ ആയിരിന്നു ക്ലാസ്സ് തുടങ്ങുന്നത്... ആദ്യ ക്ലാസുകൾ ആദ്യ അഡ്മിഷൻ കുട്ടികളെ ഓൺലൈൻ പരിചയപ്പെടുത്തലിൽ ആണ് ഞങ്ങൾ രഞ്ജിനി മിസ്സിനെ കാണുന്നത്... ആദ്യ കാഴ്ച്ചയിൽ കുറച്ച് പ്രായം തോന്നിക്കുന്ന രൂപം.പക്ഷെ സംസാരം വളരെ ലളിതമായി ചെറിയകുട്ടിളോട് തന്റെ അമ്മ സംസാരിക്കുന്നത് പോലെ. എല്ലാത്തിന്റെയും അവസാനം മിസ്സിന്റെ ചിരി ഉണ്ടാവും. എന്നും നിറപുഞ്ചിരിയോട് കൂടി യാണ് മിസ്സ് ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്നത്. ഓൺലൈൻ ക്ലാസുകൾ ആയതുകൊണ്ട് തന്നെ ടീച്ചറിനും ഞങ്ങൾക്കും ഇടയിൽ തീരെ ബന്ധം ഉണ്ടായിരുന്നില്ല.ടീച്ചർ ആണ് ഞങ്ങളുടെ ട്യൂട്ടർ എന്നൊക്കെ അറിയാമെങ്കിലും ആരും ആയും അധികം ബന്ധം തോന്നിയിരുന്നില്ല, അങ്ങനെ ഓൺലൈൻ ക്ലാസുകൾക്ക്ശേഷം ഞങ്ങൾ കോളേജിലേക്ക് വരാൻ തുടങ്ങി. കോളേജിലെ മിസ്സ് അടക്കം ഉള്ള എല്ലാ സാറുമ്മാർക്കും ടീച്ചർമാർക്കും ഞങ്ങൾ ചെറിയ കുഞ്ഞുങ്ങൾ ആയിരുന്നു... എന്തും പറഞ്ഞു തരാനും എന്തിനും കൂടെ ഉണ്ടായിരുന്നു.

ആദ്യ വർഷം വളരെ വേഗം പോയി. 2-ാം വർഷം ആയപ്പോൾ ആണ് സത്യത്തിൽ ഞങ്ങൾ ക്ലാസ്സിൽ ഉള്ളവർ പോലും നല്ല കൂട്ട് ആകുന്നത്, ഞങ്ങളുടെ കൂട്ട് പോലെ ഞങ്ങൾ രഞ്ജിനിമിസ്സിനോടും നല്ല കൂട്ടായി.... എന്തും ഞങ്ങൾക്ക് മിസ്സിനോട് പറയാൻ പറ്റുമായിരുന്നു. എന്തിനും മിസ്സിന്റെ കയ്യിൽ പരിഹാരം ഉണ്ടായിരുന്നു.... പയ്യെ പയ്യെ അമ്മയും മക്കളും ബോണ്ട് എന്നായി... കൂട്ടിനിടയിൽ വഴക്കും പിണക്കവും എല്ലാം ഉണ്ടായിരുന്നു. പക്ഷെ ഞങ്ങൾ അതൊന്നും മനസ്സിൽ വെക്കില്ലാരുന്ന്.. കാരണം ഞങ്ങൾക്ക് അറിയാം, അത് നമ്മടെ മിസ്സ് അല്ലെ. എന്ന ഒറ്റ വാക്കിൽ മനസ്സിൽ എല്ലാ പിണക്കവും ഞങ്ങൾ കളയും.

2021 ഇൽ ഏറ്റവും കൂടുതൽ കുട്ടികൾ വേദന്ത ക്ലാസ്സിൽ ആയിരുന്നു അതുകൊണ്ട് തന്നെ മിസ്സിന്റെ ഏറ്റവും വലിയ ആഗ്രഹം ആയിരുന്നു മിസ്സിന്റെ 18 പിള്ളേരും ഒരു പോലെ എല്ലാ പേപ്പറും ജയിക്കണം എന്ന്. മിസ്സ് ഞങ്ങൾക്ക് ക്ലാസ്സ് എടുക്കുന്ന ഓരോ നിമിഷവും മിസ്സിന് അത് മാത്രം പറയാൻ ഉണ്ടായിരുന്നുള്ളു... 18 പേരും, 18 പേരും എന്ന് ഓരോ തവണയും മിസ്സ് പറയും. കുറച്ചു പേരൊക്കെ പകുതിക്ക് വെച്ച് പോയി... അവസാനം അത് 15 ൽ എത്തി.

15 പേരും എല്ലാത്തിനും പാസ്സ് ആവാൻ വേണ്ടി ഞങ്ങളെക്കാൾ കൂടുതൽ താല്പര്യം മിസ്സിന് ആയിരുന്നു. കൂടുതൽ നേരം ക്ലാസ്സിൽ ഇരുന്നാൽ സാമി ചേട്ടന്റ കടയിൽ നിന്ന് മിസ്സിന്റെ പേരിൽ ചിലവ്, അങ്ങനെ കുറെ കുറെ... ഞങ്ങളുടെ അവസാന വർഷം 2024 ആണ് ഡിഗ്രി കാലഘട്ടത്തിൽ മറക്കാൻ പറ്റാത്തത്. ഡിഗ്രി അവസാന വർഷം ഞങ്ങൾക്ക് എല്ലാവർക്കും തമ്മിൽ വളരെ മനോഹരമായ കൂട്ട് ആയിരുന്നു. ഞങ്ങൾ മിസ്സിന്റെ birthday celebrate ചെയ്തതതാണ് മറക്കാൻ പറ്റാത്ത ഏറ്റവും നല്ല ഓർമ്മ. മിസ്സിനെ പറഞ്ഞുപറ്റിച്ചു ക്ലാസ്സിലേക്ക് വിളിച്ചു വരുത്തി surprise ആയിട്ട് ഒരു കേക്ക് cutting. അത് ഒരു വല്ലാത്ത ഓർമ്മ ആയിരുന്നു... വളരെ സന്തോഷത്തോടെ ആണ് അന്ന് ഞങ്ങൾ എല്ലാവരും പോയത്. മിസ്സ് ഞങ്ങളുടെ സങ്കടം മാത്രം അല്ല കേട്ടിട്ടുള്ളത്, ഞങ്ങൾക്കും മിസ്സിന്റെ എല്ലാ സങ്കടങ്ങളിലും മിസ്സിന് ഒപ്പം നിക്കാൻ പറ്റിയിട്ടുണ്ട്. അത് പോലെ ആയിരുന്നു ടീച്ചറമ്മയും മക്കളും.

ഇന്നും എനിക്ക് മനസ്സിൽ നിന്ന് മാഞ്ഞു പോവാത്ത കുറെ കുറെ ഓർമ്മകൾ ഉണ്ട്. കലോത്സവം, കോളേജ് സെലിബ്രേഷൻ എന്നിങ്ങനെ എല്ലാ പരിപാടികൾക്കും മിസ്സിന്റെ അത്രേം കരുത്ത് വേറെ ആരിലും ഇല്ല. എന്നും എപ്പോഴും എനിക്ക് എന്റെ രഞ്ജിനിമിസ്സ് പ്രിയപ്പെട്ടതാണ്. ക്ലാസ്സിൽ തുടക്കം മുതൽ ഇന്നും ഞാൻ പറഞ്ഞിരുന്ന ഒരു കാര്യം ഒള്ളത്... 'രഞ്ജിനിമിസ്സിന് ഏറ്റവും കൂടുതൽ ഇഷ്ടം എന്നോട് ആയിരിക്കും എന്നാണ് 'അത് എന്നും എപ്പോഴും ഉണ്ടാവും. ഞങ്ങൾക്ക് ഒരിക്കലും ഇത് വിശ്വാസനിയം അല്ല. കോളേജിൽ എവിടെയോ ഉണ്ട്, ഏതോ ഒരു ക്ലാസ്സിൽ മിസ്സിന്റെ സൗണ്ട് കേൾക്കുന്നുണ്ട് എന്ന വിശ്വാസം ഞങ്ങൾക്ക് ഇപ്പോഴും ഉണ്ട്. നമ്മുടെ കോളേജിൽ മിസ്സിനോളം ഞാൻ വേറെ ആരെയും കണ്ടിട്ടില്ല. ഒരുപാട് നന്ദി അവസാനം വരെ ഞങ്ങളുടെ കരുത്തായി നിന്നതിന്, എന്റെ വിഷമ ഘട്ടത്തിൽ അമ്മയുടെ സ്ഥാനത്ത് നിന്നതിന്. എല്ലാത്തിനും.

ദൂരെ എവിടെയോ മിസ്സ് ഞങ്ങളെ നോക്കുന്നുണ്ട് എന്ന പൂർണ്ണ വിശ്വാസത്തോടെ ഏറ്റവും പ്രിയപ്പെട്ട രഞ്ജിനി മിസ്സിന്റെ ഓർമ്മക്കുമുന്നിൽ...

# രഞ്ജിനി ഹൃദയരഞ്ജിനീ....

2024 നവംബറിലെ ഗ്രന്ഥലോകത്തിന്റെ മുഖചിത്രം നീലക്കുറിഞ്ഞികൾ പൂത്തു നില്ക്കുന്ന മാടായിപ്പാറയായിരുന്നു. മാടായിപ്പാറയെപ്പറ്റി വായിച്ച് ലഹരി പിടിച്ച് കണ്ണൂർ സുഹൃത്തുക്കളോടൊക്കെ ചോദിച്ചു – മാടായിപ്പാറയിലെ കാറ്റു കൊണ്ടിട്ടുണ്ടോ? രഞ്ജിനി ടീച്ചറിന്റെ മറുപടി ഉടനേ വന്നു – നമുക്ക് മാടായിപ്പാറയിലേക്ക് ഒരു ടൂറു പോകാം. അതുപോരേ – നിശ്ചിന്ത്യ എന്നു തോന്നിപ്പിയ്ക്കുമ്പോഴും എന്റെ സങ്കല്പ സഞ്ചാരങ്ങൾക്കൊപ്പം അനായാസം എത്തിയിരുന്നു ടീച്ചർ. വകുപ്പുമേധാവിയുടെ ആധികാരികതയൊന്നുമില്ലാതെ എപ്പോഴും കൂടെ കൂട്ടുകയും ഒപ്പം നടക്കുകയും ചെയ്ത സഹപ്രവർത്തക. എന്നാണ് ടീച്ചറെ ആദ്യം കണ്ടത് ? ആദ്യം കാണുകയല്ല കേൾക്കുകയാണുണ്ടായത്. 2001 മാർച്ചിൽ സംസ്കൃത സർവ്വകലാശാല പ്രാദേശിക കേന്ദ്രത്തിൽ ഗസ്റ്റ് ഫാക്കൽട്ടിയിൽ പഠിപ്പിക്കുമ്പോൾ പിജി വിദ്യാർത്ഥികൾക്ക് പ്രോജക്റ്റിന്റെ മാതൃക നല്കാൻ ഒരു കോപ്പി എടുത്തു തന്ന് ഇവിടത്തെ ഒരു മിടുക്കിയായ വിദ്യാർത്ഥിനിയുടെ പ്രോജക്ടെന്നു ഡിപ്പാർട്ടുമെന്റ് ഹെഡ് പ്രമീള ടീച്ചർ പരിചയപ്പെടുത്തിയപ്പോഴാണത്. പിന്നീട് 2006 ൽ തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ ഞാൻ ഗസ്റ്റായി ജോലിക്കെത്തുമ്പോൾ ടീച്ചറവിടെ പി എസ് സി നിയമനം ലഭിച്ച് ജോലിക്ക് ചേർന്നിരുന്നു. അക്കാഡമിക്ക് മികവു പുലർത്തിയ വിദ്യാർത്ഥിനി, നൈപുണ്യമുള്ള അദ്ധ്യാപിക , സാമൂഹ്യ പ്രതിബദ്ധതയുള്ള മാനുഷ്യകത്തിനുടമ, മികച്ച സംഘാടക, എല്ലാവർക്കും പ്രിയപ്പെട്ടവൾ. എന്നാലും ടീച്ചർ എന്തിനാണ് ഒരു പാട്ട് പകുതി പാടി നിർത്തി ഇത്ര പെട്ടെന്ന് പൊയ്ക്കളഞ്ഞത് ? വല്ലാത്ത തെളിച്ചമുള്ള പകലുകളായിരുന്നു കഴിഞ്ഞ മാർച്ചിന്റേത്. ഒരുപാടു തിരക്കുകളുടേയും.മുൻ പ്രിൻസിപ്പൽമാരായ ഡോ. കെ.ജി. പൗലോസ്, ഭാര്യ സരള ടീച്ചർ എന്നിവരുടെ എൺപതാം പിറന്നാളാഘോഷത്തിന്റെ ഭാഗമായി മാർച്ച് 14 മുതൽ 20 വരെ കോളേജിൽ നടന്ന നാട്യോത്സവത്തിൽ സജീവ സാന്നിധ്യമായിരുന്നു രഞ്ജിനി. മാർച്ച് 20 ന് രാവിലേ നടന്ന പരീക്ഷിത്ത് സ്മാരക പ്രഭാഷണം, ഉച്ച കഴിഞ്ഞ് പി ടി എ യും പൂർവ്വവിദ്യാർത്ഥി സംഘടനയും ചേർന്ന് നടത്തിയ യാത്രയയപ്പു സമ്മേളനം , 21 വെള്ളിയാഴ്ച അദ്ധ്യാപകർ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ, 26 ബുധനാഴ്ച പ്രിൻസിപ്പൽ സർവീസിൽനിന്നു വിരമിക്കുന്ന ഡോ. കെ.ഡി. ശോഭ , വൈസ് പ്രിൻസിപ്പൽ ഡോ. കെ.സി. സുശീല എന്നീ അദ്ധ്യാപകരുടെ ബഹുമാനാർത്ഥം നടത്തിയ ശാസ്ത്ര സദസ് , അന്നു തന്നെ ഉച്ചയ്ക്കു ശേഷം ഗവേഷക വിദ്യാർത്ഥികൾ അവർക്കു നല്കിയ യാത്രയയപ്പ്. എല്ലാ പരിപാടികളിലും നിറ ചിരിയോടെ ടീച്ചറുണ്ടായിരുന്നു. മാർച്ച് 19 ന് ഉച്ചക്കു ശേഷം വേദാന്ത വിഭാഗം പിജി വിദ്യാർത്ഥികൾ ഡിപ്പാർട്ടുമെന്റിൽ ഒതുങ്ങി നില്ക്കുന്ന ഒരു ലളിതമായ പിറന്നാളാഘോഷം സംഘടിപ്പിച്ചിരുന്നു. അത് രഞ്ജിനി ടീച്ചറിന്റെ 49–ാം പിറന്നാളാഘോഷമായിരുന്നു. കുട്ടികൾ ആഹ്ളാദവും ആരവങ്ങളുമായി കേക്കുമുറിക്കുകയും പിറന്നാൾ സമ്മാനം കൊടുക്കുകയും ചെയ്തു. ആ നിമിഷങ്ങളിലും ടീച്ചർ എല്ലാവരുടേതുമായിരുന്നു. 26 ന് നടന്ന ശാസ്ത്ര സദസ്സിനു ശേഷം ഉച്ച ഭക്ഷണം കഴിക്കാൻ വേദാന്തവിഭാഗം അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് പുറത്തുപോയിരുന്നു. ടീച്ചറിന്റെ കരുതലും സ്നേഹാർദ്രതയും പ്രകടമായ ഉച്ചഭക്ഷണ വേളയായിരുന്നു അത്. ഒരു പാട് ചിത്രങ്ങളെടുത്ത് ആ നിമിഷങ്ങളെ അനശ്വരമാക്കാൻ മുൻകൈയെടുത്തത് ടീച്ചർ തന്നെയാണ്. ഇത്രയേറെ പ്രിയപ്പെട്ടൊരാൾ പിറ്റേന്ന് ഒരു പാട്ട് പകുതി പാടി നിർത്തി പെട്ടെന്ന് പൊയ്ക്കളഞ്ഞത് എന്തിനാണ്?

വേദാന്തത്തിൽ അസോ. പ്രൊഫസറായിരുന്ന ഡോ. രഞ്ജിനി കണ്ണൂർ കൂന്നൂർ മന കുടുംബാംഗമാണ്. പങ്കാളി ഡോ. കെ.ടി. സംഗമേശൻ കാലടി യൂണിവേഴ്സിറ്റി പ്രൊഫസറാണ്. പിജി പഠനം പൂർത്തിയാക്കിയ ആർദ്രയും +2 വിദ്യാർത്ഥിയായ ഭദ്രയും സ്കൂൾ വിദ്യാർത്ഥിനിയായ ചന്ദ്രയും മക്കൾ.തൃപ്പൂണിത്തുറ, തിരുവനന്തപുരം സർക്കാർ സംസ്കൃത കോളേജുകൾ തൃപ്പൂണിത്തുറ ആയുർവേദ കോളേജ്, പാലക്കാട് ഗവ. ഹൈസ്കൂൾ എന്നിവിടങ്ങളിൽ അധ്യാപിക. ശാസ്ത്ര സാഹിത്യ പരിഷത്ത് സംസ്ഥാന നിർവാഹക സമിതി അംഗം, എ കെ ജി സി ടി യൂണിറ്റ് സെക്രട്ടറി, ജില്ലാ കമ്മിറ്റി അംഗം , പ്രഭാഷക എന്നീ നിലയിലും രഞ്ജിനി ശ്രദ്ധേയയായിരുന്നു.

ശാസ്ത്രസാഹിത്യ പരിഷത്ത് കഴിഞ്ഞ കൊല്ലം അവതരിപ്പിച്ച 'ചോദ്യം' എന്ന തെരുവുനാടകത്തിൽ അഭിനയിച്ചു. പരിഷത്തിന്റെ മുഖപത്രത്തിന്റെ ചുമതലയും വഹിച്ചിരുന്നു.

2025 മാർച്ച് 27 വ്യാഴാഴ്ച രാവിലെ കാലടി യൂണിവേഴ്സിറ്റിയിൽ ബോർഡ് ഓഫ് സ്റ്റഡീസിന്റെ മീറ്റിംഗിൽ പങ്കെടുക്കാൻ പോകുമ്പോൾ എം.സി. റോഡിൽ കാഞ്ഞിരക്കാട് ഹൈ വേ ബ്രിഡ്ജിന്റെ സമീപത്തു വച്ച് സ്കൂട്ടറിൽ ലോറിയിടിച്ചുണ്ടായ അപകടത്തിൽ തൃപ്പൂണിത്തുറ ഗവ. സംസ്കൃത കോളേജിലെ വേദാന്ത വിഭാഗം മേധാവിയായിരുന്ന ഡോ. എം. രഞ്ജിനിയുടെ ആകസ്മിക വേർപാട് കോളേജിന് താങ്ങാനാവാത്ത വേദനയായി. വേദാന്ത വിഭാഗം അധ്യാപികയായി വിവിധ കോളേജുകളിൽ കഴിഞ്ഞ 19 വർഷമായി സേവനം അനുഷ്ഠിച്ചു വരികയായിരുന്നു. ഗുരുശ്രേഷ്ഠന്മാരെ ആദരിക്കുന്നതിനും സംസ്കൃതത്തെ പ്രോത്സാഹിപ്പിക്കുന്നതിനും മറ്റുമായി രൂപീകരിച്ചിട്ടുള്ള ഗുരുവന്ദനം ട്രസ്റ്റിന്റെ ഏഴ് അംഗങ്ങളിൽ ഒരാളായിരുന്നു രഞ്ജിനി ടീച്ചർ. കഥകളി ഏറെ ഇഷ്ടപ്പെട്ടിരുന്ന ടീച്ചർ 2018 ൽ കഥകളി പഠിച്ച് അരങ്ങേറിയിരുന്നു. അഡ്വ. രഞ്ജിനി സുരേഷിന്റെ കീഴിൽ രണ്ടരവർഷം കഥകളി അഭ്യസിച്ച ശേഷം തൃപ്പൂണിത്തുറ ശ്രീപൂർണത്രയീശ ക്ഷേത്രത്തിലായിരുന്നു പുറപ്പാടോടെ കൃഷ്ണവേഷത്തിൽ കഥകളി അരങ്ങേറ്റം നടത്തിയത്. വിദ്യാർത്ഥികൾക്ക് ശാസ്ത്രചിന്തയുടെ വെളിച്ചം പകർന്ന അധ്യാപികയായിരുന്നു രഞ്ജിനി.

വിദ്യാർഥികളുടെ ന്യായമായ ഏതാവശ്യത്തിനും ഒരു രക്ഷിതാവിന്റെ മനോഭാവത്തോടെ ഒപ്പമുണ്ടായിരുന്ന അദ്ധ്യാപിക. വിദ്യാർഥികളുമായി നിരന്തരം ആശയവിനിമയം നടത്തുകയും അവരുടെ വൈയക്തികവും അക്കാദമികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്ന കാവലാൾ.

സംസ്കൃത കോളേജിന്റെ വികസനപ്രവർത്തനങ്ങൾക്ക് മുന്നിൽനിന്ന് പ്രവർത്തിച്ചയാൾ. പുതിയ അക്കാഡമിക്ക് ബ്ലോക്കിന്റെ നിർമ്മാണത്തിലും ഹോസ്റ്റൽ നിർമ്മാണത്തിലും നടത്തിപ്പിലും ഫാക്കൽറ്റി മേധാവി എന്ന നിലയിൽ ടീച്ചറിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നു. 2025 മാർച്ച് മാസം 22, 23 തീയതികളിൽ കാസർകോഡ് നടന്ന എകെജിസിടി സംസ്ഥാന സമ്മേളനത്തിൽ പ്രകടനത്തിന് ഉറച്ച ശബ്ദത്തിൽ മുദ്രാവാക്യം വിളിച്ചു കൊടുക്കുന്ന രഞ്ജിനി ടീച്ചറുടെ രൂപം സഹപ്രവർത്തകരുടെ കണ്ണിൽ നിന്നു മായുന്നില്ല.

വകുപ്പദ്ധ്യക്ഷ എന്ന നിലയിൽ മാത്രമല്ല ജാഗരൂകയായ ഒരദ്ധ്യാപിക എന്ന ഉത്തരവാദിത്വ ബോധത്തോടെ ഡിപ്പാർട്ടുമെന്റ് തല പ്രവർത്തനങ്ങളേയും കോളേജ് പ്രവർത്തനങ്ങളേയും ഏകോപിപ്പിച്ചു കൊണ്ടുപോകാൻ ടീച്ചർക്കു കഴിഞ്ഞിരുന്നു. വിദ്യാർത്ഥി ലോകത്തിനും വേദാന്ത വിഭാഗത്തിനും ടീച്ചറുടെ വിയോഗം ഉണ്ടാക്കിയ നഷ്ടം ചെറുതല്ല. തളരുന്നവരെയൊക്കെ താങ്ങുന്ന കൈകളായിരുന്നുവത്. അസ്വസ്ഥരായ ഓരോ ആളും അവരുടേതായി കണ്ട ഒരാൾ . പരിഹരിക്കാനാവാത്ത നഷ്ടബോധമാണ് ആ വേർപാട് സൃഷ്ടിക്കുന്നത്. ദൈവം കരഞ്ഞിരിക്കണം പെട്ടെന്നു കണ്ടതിന്റെ ആഹ്ലാദത്തിലല്ല ദുഃഖം കൊണ്ടുതന്നെ ദൈവം വിതുമ്പിയിരിക്കണം. എത്രയോ രസച്ചുവടുകൾ ഇനിയും ബാക്കിയുണ്ടായിരുന്നു – എത്രയോ വിലാസലാസ്യങ്ങൾ ഇനിയുമുണ്ടായിരുന്നു.. മുത്തൊളിച്ചിരിക്കുന്ന എത്രയോ കണ്ണീർച്ചിമിഴുകൾ പെറുക്കിയെടുക്കാനുണ്ടായിരുന്നു. എത്രയോ വേരറ്റ വള്ളിച്ചെടികൾക്ക് , നിസ്വതയുടെ നിത്യസുഗന്ധികൾക്ക് എത്രയോ മനസ്സിജകൾക്ക്, എണ്ണമറ്റ പിന്മുറക്കാർക്ക് തണലും തണുപ്പുമാകേണ്ടതായിരുന്നു എന്തേ ഞാൻ പോലുമറിയാതെ ഇത്ര വേഗം മടങ്ങിയതെന്നോർത്ത് ഒരു വിലാപം ഒതുക്കിപ്പിടിച്ചിരിക്കണം..

കോളേജിന്റെ അക്ഷരശ്ലോകസദസ്സ് ഓർമ്മിച്ചു പോകുന്നു. സ്ഫുടമായി, ശുദ്ധമായി ശ്ലോകം ചൊല്ലുന്ന ടീച്ചർ ഒരു സംഗീതജ്ഞ കൂടിയായിരുന്നു. ഒരു പാട്ട് പകുതി പാടി നിർത്തി പെട്ടെന്ന് മാഞ്ഞുപോയടീച്ചറിന്റെ ഓർമ്മയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

*Dr. K.S. Latha*
*Dept. of Vedanta*

# മാതൃകാ ജീവിതം

വർഷം 2025 തീയതി മാർച്ച് 27, അന്ന് രാവിലെ 10നും 11 നും ഇടയിലുള്ള സമയം, കേരള സ്റ്റേറ്റ് ഹൈവേയിൽ പതിവിൽ കൂടുതലായ തിരക്കൊന്നും ഉണ്ടായിരുന്നില്ലെങ്കിലും KL 64 A 0255 നമ്പറിലുള്ള മഞ്ഞ കളർ ടോറസിന്റെ ഡ്രൈവർ തനിക്ക് ആ ദിവസം ചെയ്ത് തീർക്കാനുള്ള ജോലിയെ പ്രതി വ്യാകുലനായിരുന്നതിനാൽ തന്റെ കാലുകൾ ത്വരകത്തിൽ അമരുന്നതറിയാതെ വാഹനം അതിവേഗം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയായിരുന്നു. ഒരു നിമിഷത്തെ അശ്രദ്ധ താനോടിച്ചിരുന്ന വാഹനം പാതയുടെ ഓരം ചേർന്നു സഞ്ചരിച്ചുകൊണ്ടിരുന്ന വഴിയാത്രികയുടെ വാഹനത്തിൽ തട്ടുകയും അതു തീർത്ത ആഘാതത്തിൽ റോഡിലേക്ക് വീണ വഴിയാത്രികയുടെ ശരീരത്തിലൂടെ ആ വലിയ വാഹനം കയറിയിറങ്ങുകയുമാണുണ്ടായത്. കൊല്ലവർഷം 1975 മേപ്പള്ളി മനയിൽ ജനിച്ച് തലോറ എ.എൽ.പി. സ്കൂൾ, ടാഗോർ വിദ്യാനികേതൻ തളിപ്പറമ്പ് സ്കൂളുകളിൽ പ്രാഥമിക വിദ്യാഭ്യാസം, പയ്യന്നൂർ കോളേജിൽ പ്രീഡിഗ്രി, തലശ്ശേരി ബ്രണ്ണൻ കോളേജിൽ ഡിഗ്രി, പയ്യന്നൂർ സംസ്കൃത സർവ്വകലാശാലയിൽ നിന്ന് പിജി തുടർന്ന് വിവിധ ഗവ. സ്കൂളുകൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ എന്നിവയിൽ അധ്യാപിക നിലവിൽ ഗവ. സംസ്കൃത കോളേജ് തൃപ്പൂണിത്തുറയിൽ വേദാന്ത വിഭാഗം അധ്യാപിക എന്നി നിലകളിൽ അമ്പതു വർഷം നീണ്ട സമര സമാനമായ മാതൃക ജീവിതത്തിലെ അവസാന ദിനമായിരുന്നു അന്ന് എന്ന തിരിച്ചറിവ് അവിടെ ഓടിക്കൂടിയ സ്തബ്ധമായ റോഡു യാത്രക്കാർക്ക് അറിയാനിടയില്ല.

രഞ്ജിനി ടീച്ചർ ജീവിതത്തിൽ പ്രാവർത്തികമാക്കിയ പുരോഗമന ആശയങ്ങളിൽ ചിലതിലൂടെ നമുക്കു കണ്ണോടിക്കാം...

**അക്ഷരസ്പുടതയുള്ള സംസാരശൈലി.**

വർഷം 2018 കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തക ക്യാമ്പിന്റെ വനിതാ പ്രാതിനിധ്യം ഏറെയുള്ള ഉത്ഘാടന സമ്മേളനത്തിലേക്ക് പതിവിൽ വിപരീതമായി വൈകി എത്തിയ ജില്ലാ പ്രവർത്തക സമിതി അംഗം ഓഡിറ്റോറിയത്തിന് പുറത്തുവെച്ച് തെല്ലും പരിഭവത്തോടെ ആരാഞ്ഞു "രഞ്ജിനിയുടെ പ്രസംഗം തുടങ്ങിയിട്ട് അധികനേരമായോ?" അതെങ്ങനെയാണു മാഷേ രഞ്ജിനിയുടെ പ്രസംഗമാണെന്ന് മനസ്സിലായത് എന്ന പരിഷത്ത് പ്രവർത്തകന്റെ ചോദ്യത്തിന് അംഗത്തിന്റെ മറുപടി "യേശുദാസിന്റെ പാട്ട് മലയാളികൾക്ക് എന്ന പോലെ രഞ്ജിനിയുടെ അക്ഷരസ്ഫുടത പരിഷത്ത്കാർക്ക് സ്ഥിരപരിചയമല്ലേ...? വേദികളിലും ക്ലാസ്സ് റൂമുകളിലും മാത്രമല്ല വ്യക്തിപരമായ സംഭാഷണങ്ങളിലും അക്ഷരസ്ഫുടതയുള്ള ആ സംഭാഷണശൈലിയും അവതരണ മികവും ടീച്ചർക്കെന്നും ആദ്യമതിപ്പ് ഉറപ്പിച്ചിരുന്നു.

**ശാസ്ത്രീയ മനോവൃത്തിയും യുക്തിബോധവും:**

1975 കണ്ണൂർ തളിപ്പറമ്പിലെ മേപ്പള്ളിമന എന്ന യാഥാസ്ഥിതിക കുടുംബത്തിൽ ജീവിതമാരംഭിച്ച രഞ്ജിനി ടീച്ചർ വിവാഹശേഷം 2008 ൽ സ്വന്തമാക്കിയ ആദ്യ വീട് നാലു ദുർമരണങ്ങൾ സംഭവിച്ചു എന്ന അപഖ്യാതി നേടിയ ഒന്നായിരുന്നു. ആദ്യകാലങ്ങളിൽ പുതിയ താമസ സ്ഥലത്ത് അനിഷ്ടങ്ങളെന്തെങ്കിലും എന്ന് ഉറ്റുനോക്കുന്ന അയൽക്കാരോട് "ഞങ്ങളും ആത്മാക്കളും സഹകരിച്ച് മുന്നോട്ടു പോകുന്നു" എന്നു നർമ്മം പറഞ്ഞ് ടീച്ചറും കുടുംബവും സന്തോഷത്തോടെ അവിടെ ജീവിതം ആസ്വദിച്ചു. വൈകാതെ പരിഷത്ത് കുടുംബാംഗങ്ങളെക്കൊണ്ടും, ഗവേഷക വിദ്യാർത്ഥികളെക്കൊണ്ടും നിറഞ്ഞ ആ വീട് മുൻ ഉടമസ്ഥൻ ഇരട്ടി വിലയ്ക്ക് തിരിച്ചു ചോദിച്ചപ്പോൾ സ്നേഹപൂർവ്വം നിരസിച്ചതും ചരിത്രം.

2020 ൽ കേന്ദ്രമന്ത്രിസഭ ഇന്ത്യയുടെ നവദേശീയ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചതിനെത്തുടർന്ന് പാഠ്യഭാഗത്തു നിന്നും നഷ്ടപ്പെട്ട 'മുഗൾ ചരിത്രം' പരിണാമസിദ്ധാന്തം' എന്നിവ പുനർ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് 2023 മെയ് 26 മുതൽ 28 വരെ ഗവ. കോളേജ് അദ്ധ്യാപക സംഘടന എ.കെ.ജി.സി.ടി സംഘടിപ്പിച്ച തൃപ്പൂണിത്തുറ മേഖലാ ജാഥാ ക്യാപ്ടനും, ഉദ്ഘാടകനുമായും ടീച്ചറെ തിരഞ്ഞെടുത്തത് ജീവിതത്തിൽ ശാസ്ത്രീയ മനോവൃത്തിയും, യുക്തിബോധവും പ്രാവർത്തികമാക്കിയ വ്യക്തി എന്ന നിലക്ക് ഏറ്റവും ഉചിതമായ തീരുമാനമായിരുന്നു.

**ആഡംബരങ്ങളില്ലാത്ത ജീവിതം**

2023 ൽ സഹപ്രവർത്തകരോടൊപ്പമുള്ള തിരുവനന്തപുരം യാത്രാമദ്ധ്യേ സൗഹൃദ സംഭാഷണത്തിൽ മുടി, വസ്ത്രധാരണം എന്നിവയെക്കുറിച്ച് ചോദിച്ചപ്പോൾ ടീച്ചറുടെ മറുപടി "എന്നെ നന്നായി എന്റെ മാഷിനറിയും (സംഗമേശൻ സർ) അദ്ദേഹത്തെ എനിക്കും... ഒരു വ്യക്തി എന്ന നിലയ്ക്ക് എനിക്ക് മറ്റാരെയും ബാഹ്യരൂപം കൊണ്ട് ആകർഷിക്കേണ്ടതായില്ലല്ലോ." ഒരു ചെറുചിരിയോടെ ടീച്ചർ തുടർന്നു. അതുകൊണ്ടാണ്

ഹെയർ ഡൈ ഉപയോഗിക്കാത്തത്. വസ്ത്രധാരണത്തിന്റെ കാര്യത്തിലാണെങ്കിൽ, "കേരളത്തിൽ ഏറ്റവും മികച്ച കൈത്തറി ലഭ്യമാകുന്ന സ്ഥലങ്ങളിലൊന്നാണ് കണ്ണൂർ, ചെറുപ്പം മുതലേ അതിന്റെ ആരാധികയായിരുന്നു, വിവാഹശേഷം മാഷിനെയും കണ്ണൂർ കൈത്തറിയുടെ ആരാധകനാക്കുകയായിരുന്നു." ടീച്ചർ പറഞ്ഞു നിർത്തി.

രണ്ടു യുജിസി ശമ്പളക്കാരുള്ളപ്പോഴും ടീച്ചറും കുടുംബവും വലിയ ആഢംബര വീട് വാങ്ങാതെ, കാറ് വാങ്ങാതെ, ഫ്രിഡ്ജ് വാങ്ങാതെ ലളിത ജീവിതം നയിക്കുകയും മിച്ചം വരുന്ന തുകയിലൊരു ഭാഗം അത്യാവശ്യക്കാർക്ക് പ്രതിസന്ധിഘട്ടങ്ങളിൽ സഹായിക്കാൻ പാകത്തിൽ കരുതുകയും ചെയ്യുമായിരുന്നു.

**യാത്രകളോടുള്ള പ്രണയം**

2022-23 അദ്ധ്യയന വർഷത്തെ വേദാന്ത വിഭാഗം ബിരുദാനന്തരബിരുദ വിദ്യാർത്ഥികളുടെ ആഗ്ര ഡൽഹി വിനോദയാത്ര വിദ്യാർത്ഥികളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ട് നടക്കാൻ സാധ്യതയില്ല എന്ന സാഹചര്യത്തിൽ ടീച്ചർ സ്വന്തം ചിലവിൽ വിദ്യാർത്ഥികളുടെ നാമമാത്രമായ സാമ്പത്തിക സഹകരണത്തോടെ പ്രാവർത്തികമാക്കുകയായിരുന്നു. സ്വന്തമായി ചാർട്ട് ചെയ്ത് ബുക്കു ചെയ്തു നടപ്പിലാക്കിയ 5 ദിവസത്തെ യാത്രയെന്ന നിലയ്ക്ക് ടീച്ചർക്ക് വലിയ ആത്മവിശ്വാസം നൽകിയ യാത്രയായി ഇതിനെ വിശേഷിപ്പിക്കുകയും പിന്നീടങ്ങോട്ട് വിദേശയാത്രകളടക്കം, ഇന്ത്യയുടെ പലഭാഗങ്ങളിലും കുടുംബസമേതം യാത്രചെയ്യുകയുണ്ടായി. ഒരു സ്വകാര്യ സംഭാഷണത്തിൽ 'നമ്മളൊരു തൊണ്ണൂറു വയസ്സുവരെ ജീവിച്ചിരിക്കുകയാണെങ്കിൽ, അന്നും ഇതുപോലെ സുഹൃത്തുക്കളായിരിക്കുമോ രഞ്ജിനീ" എന്ന സംഗമേശൻ സാറിന്റെ ചോദ്യത്തിന് ടീച്ചറുടെ മറുപടി "അന്നു നമ്മൾ ഒരുമിച്ച് വിദേശയാത്രകളിലായിരിക്കില്ലേ...? എന്നായിരുന്നുവെന്ന് ടീച്ചറിലെ സഞ്ചാരപ്രേമിയെ സാക്ഷ്യപ്പെടുത്തി സർ പറഞ്ഞതോർക്കുന്നു

**സാമൂഹിക പ്രതിബദ്ധത :**

2021ൽ ബിജുമോഹൻ എന്ന യൂട്യൂബ് ചാനലിന് ഇന്ന് കേരളത്തിൽ അറിയപ്പെടുന്ന പ്രഭാഷകനും, എഴുത്തുകാരനുമായ ഡോ. ശ്യാംകുമാർ ടി.എസ്. നൽകിയോരഭിമുഖത്തിൽ ടീച്ചറിന്റെ വീട്ടിലെ ഭൗതിക സാഹചര്യങ്ങൾ ഉപയോഗിച്ചാണ് ഉയർന്നുവന്നതെന്നു പറയുകയുണ്ടായി. ഇതേക്കുറിച്ച് ടീച്ചറിനോട് ചോദിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് വീടിന്റെ മുകൾഭാഗം സമ്മേളനസ്ഥലം, ഗ്രന്ഥശാല അവതരണമതിൽ പഠനമുറി, കിടപ്പുമുറി എന്നിങ്ങനെ പൊതുസമൂഹത്തിന് ഉപയോഗിക്കാൻ വിധത്തിൽ വീടിനു പുറത്തു നിന്നും ഏണിപ്പടികൾ സജ്ജീകരിച്ചിരിക്കുകയാണ്.

ഈ വിധം സമൂഹത്തോടുള്ള കരുതൽ, ദുർബ്ബലരെ ചേർത്തു പിടിക്കൽ, പദവികൾ പങ്കിടൽ, സർഗ്ഗാത്മകകളെ പരിപോഷിപ്പിക്കൽ ഇങ്ങനെയെല്ലാം ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള ആർജ്ജവം, ഇച്ഛാശക്തി, സത്യസന്ധത എന്നിവ അനുകരിക്കുക അസാധ്യമാണ്.

ഇനി നമ്മൾ ആദ്യം പറഞ്ഞ സംഭവത്തിലേക്ക് തിരിച്ചു വരുകയാണെങ്കിൽ

**2025 മാർച്ച് 27 വ്യാഴം**

അന്നേ ദിവസം സംഗമേശൻ സർ ശ്രീ നിലകണ്ഠ ഗവ. സംസ്കൃത കോളേജ് സംസ്കൃതവിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട 'ഗുരുവന്ദനം -പട്ടാമ്പി ' എന്ന പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു. രഞ്ജിനി ടീച്ചർക്ക് അപകടം പറ്റി എന്നറിഞ്ഞപ്പോൾ സ്കൂട്ടറിൽ നിന്നു വീണ് കയ്യോ കാലോ മുറിഞ്ഞിട്ടുണ്ടാവാം കൂടിപ്പോയാൽ ഒടിഞ്ഞിട്ടുണ്ടാവാം എന്നാണ് കരുതിയത്. ഒറ്റയ്ക്ക് തിരിച്ചു പോരാൻ മുതിരവേ സുഹൃത്തുക്കൾ നിർബ്ബന്ധപൂർവ്വം കൂടെ കൂടിയത് ഉള്ളിലൊരാന്തൽ ഉളവാക്കി. "കൂടുതലായെന്തെങ്കിലും അറിഞ്ഞിരുന്നോ...? എന്ന ചോദ്യത്തിന് അവ്യക്തമായ മറുപടികൾ ഉള്ളിലെ ഭയം ഇരട്ടിയാക്കി. ഒടുവിൽ പെരുമ്പാവൂർ താലൂക്ക് ആശുപത്രി കവാടത്തിലെത്തിയപ്പോൾ സഞ്ചരിച്ചിരുന്ന വാഹനം അത്യാഹിത വിഭാഗത്തിലേക്കോ വാർഡുകളിലേക്കോ അല്ല നീങ്ങുന്നതെന്ന് മനസ്സിലായപ്പോൾ വേദനയിൽ നിയന്ത്രം വിട്ട് "നിങ്ങളെന്നെ മോർച്ചറിയിലേക്കാണോ രഞ്ജിനിയെ കാണാൻ കൊണ്ടുപോകുന്നത്. എന്നു ചോദിച്ചു. അപ്പോഴേക്കും കൈയ്യിലിരിക്കുന്ന മൊബൈലിൽ രഞ്ജിനിടീച്ചർക്ക് ആദരാഞ്ജലികൾ, വിട, പ്രണാമം എന്നീ സന്ദേശങ്ങൾ നിറയാൻ തുടങ്ങിയിരുന്നു.

ടീച്ചറുടെ ഭൗതിക ശരീരം പെരുമ്പാവൂർ പൊതുശ്മശാനത്തിൽ ഗ്യാസിനൊപ്പം ആളിപ്പടർന്നെങ്കിലും ടീച്ചർ മുറുകെപ്പിടിച്ചിരുന്ന പ്രത്യേക ശാസ്ത്രങ്ങൾ, നിലപാടുകൾ, ശാസ്ത്രബോധം, ലാളിത്യം എന്നിവ ടീച്ചറെ അറിയുന്ന, സ്നേഹിക്കുന്ന മനുഷ്യർ ഈ ലോകത്തുള്ളിടത്തോളം കാലം ഇവിടെ നിലനിൽക്കുക തന്നെ ചെയ്യും.

***Dr. Binoy K.R.***

*Adithya N.S.*
*1st MA Vedanta*

# യാത്രയ്ക്ക് ഒടുവിൽ


യാത്രയ്ക്കൊടുവിൽ എന്ന ഈ കഥാഭാഗം ഒരു പ്രണയത്തിന്റെ മനോഹരമായ യാത്രയെ കുറിച്ചാണ് പറയുന്നത്. ഒരു യാത്രയിൽ കണ്ടുമുട്ടിയ രണ്ട് ജീവിതങ്ങളുടെ പ്രണയകഥ. കഥയിലെ നായികയായി 20 വയസ്സ് പ്രായമുള്ള ഒരു പെൺകുട്ടിയാണ് അനു. തന്റെ നായക കഥാപാത്രമായി വരുന്നത് രാഹുൽ. രാഹുൽ ഒരു കലാകാരനാണ് കഥാസന്ദർഭം ഒരു ട്രെയിൻ യാത്രയിലാണ്. കഥയിലേക്ക്

ഒരു റെയിൽവേ സ്റ്റേഷനിലെ കാത്തിരിപ്പ് കേന്ദ്രത്തിൽ വിശ്രമിക്കുന്ന ചിത്രയോടും കലയോടും താല്പര്യമുള്ള രാഹുൽ എന്ന ചെറുപ്പക്കാരനാണ്. രാഹുൽ തന്റെ ആവശ്യത്തിനായി എറണാകുളത്തു നിന്നും കൊല്ലം വരെ പോവുകയാണ്. നേരത്തെ തന്റെ സീറ്റിന്റെ അരികിലേക്ക് ഒരു പെൺകുട്ടി വരുന്നു. പെൺകുട്ടിയെ കണ്ട നേരം രാഹുൽ വളരെ നേരം അവളെ നോക്കി നിന്നു. അവൾ ചോദിക്കുന്ന ചോദ്യങ്ങൾ പോലും അവൻ കേട്ടില്ല. ആ പ്ലാറ്റ്ഫോമിൽ തന്നെ അവൾക്കും ഉണ്ടായിരുന്നു ഒരു ട്രെയിൻ. അതിന്റെ വിവരങ്ങൾ തിരക്കാൻ ആയിരുന്നു അവൾ വന്നത്. തമ്മിൽ അവർ സംസാരിച്ചു ആ സംഭാഷണത്തിൽ ആയിരുന്നു അവർക്ക് മനസ്സിലായത് രാഹുൽ കാത്തുനിന്ന് ട്രെയിൻ തന്നെയായിരുന്നു അനുവിനും പോകേണ്ടത്. ഒരു സ്റ്റേഷനിൽ അല്ല ഇറങ്ങുന്നത് എങ്കിലും അവൾക്കും തന്റെ നാട്ടിലേക്ക് പോകണമായിരുന്നു സംസാരത്തിന്റെ ഇടയിൽ അവർക്കിടയിലെ പ്രണയത്തിന്റെ സൈറൺ പോലെ ട്രെയിൻ പാതയിലേക്ക് വന്നു. ആദ്യമായി കണ്ടു മിണ്ടിയതായി തോന്നാത്ത വിധം അവർ പരിചയപ്പെട്ടിരുന്നു കുറഞ്ഞ വേളയിൽ തന്റെ തന്നെ നാട്ടുകാരി കുറച്ചുനേരം കണ്ടതിലും മിണ്ടിയതിലും രാഹുൽ വളരെ സന്തോഷ വാനായിരുന്നു.

അവർ ട്രെയിനിലെ വാതിൽ പടിയിൽ തന്റെ നാടിന്റെയും ഉത്സവങ്ങളുടെയും കാര്യങ്ങൾ പറഞ്ഞു വളരെ സന്തോഷത്തോടെ യാത്ര തുടരുന്നു. അനുവുമായി സംസാരിക്കുന്ന നേരത്ത് എല്ലാം രാഹുൽ വളരെ പരിഭ്രാന്തനായിരുന്നു. കാരണം താൻ മനസ്സിൽ ഉദ്ദേശിച്ചിരുന്ന എല്ലാ ചിന്തകളും അവളിലും ഉണ്ടായിരുന്നു. അനു വളരെ തുറന്ന ചിന്താഗതി ഉള്ള കുട്ടിയായിരുന്നു. തന്റെ യാത്രയ്ക്കിടയിൽ സംസാരിച്ചിരിക്കാൻ തന്റെ നാട്ടുകാരനെ കിട്ടിയതിലും, പ്രകൃതിരമണീയമായ കാഴ്ചകളും വാതിൽ പടിയിൽ വീശുന്ന കാറ്റും അവളെ വളരെയധികം സന്തോഷിപ്പിച്ചു. രാഹുൽ ഒരു കലാകാരൻ ആയതുകൊണ്ട് തന്നെ സംസാരത്തിനിടയിൽ അനു തന്റെ ഒരു മൂളൽ ആഗ്രഹിച്ചു. അവൻ അവൾക്ക് വേണ്ടി തനിക്ക് ഇഷ്ടപ്പെട്ട ഒരു സിനിമ ഗാനം മൂളി കൊടുത്തു. അവൻ അവളോട് ആയി പറഞ്ഞു എന്റെ ഈ കഴിഞ്ഞ രാത്രിയിൽ ഒന്നും ഞാൻ ഇത്ര ചിരിച്ചിട്ടില്ല. സാധാരണ യാത്രയിൽ സമയം പോകാനായി കഷ്ടപ്പെടാറുണ്ട്. ഈ യാത്രയിൽ സമയത്തിന്റെ പോക്ക് അവൻ അറിഞ്ഞതേയില്ല. അനുവും അതിനോട് യോജിച്ചു. അനുവിന് മുന്നേ എപ്പോഴും കണ്ട് സംസാരിച്ചത് പോലെയാണ് അനുഭവപ്പെട്ടതെന്ന് സംസാരം തുടർന്നു കൊണ്ടേയിരുന്നു. സംസാരത്തിന്റെ ഇടയിൽ രാഹുൽ അനുവിലേക്കുള്ള പ്രണയത്തിന്റെ പടിവാതിലേക്ക് അടുത്തിരുന്നു. പക്ഷേ തന്റെ മനസ്സ് അതിന് അനുവദിച്ചില്ല. രാഹുൽ അത് പറഞ്ഞാൽ താൻ ഒരു വായ് നോക്കിയാണെന്ന് അനുവിന് തോന്നുമോ എന്ന് ചിന്തയിൽ അവൻ അത് അവളെ അറിയിക്കാതെ മുന്നോട്ടുപോയി. അവരുടെ യാത്ര കുറച്ച് നേരത്തേക്ക് ആയതുകൊണ്ട് തന്നെ തമ്മിൽ സംസാരിക്കാനും

ഇവരുടെയും അനുഭവങ്ങൾ പങ്കുവയ്ക്കാനും അവർക്ക് സാധിച്ചു.

ശേഷം യാത്രയ്ക്കിടയിൽ അനുവിന്റെ സ്റ്റേഷൻ എത്തിച്ചേരാൻ ആയെന്ന് അവൾ പറഞ്ഞു. അത് കേട്ടതും രാഹുൽ പെട്ടെന്ന് തന്നെ ഏകാന്തനായിരുന്നു. കാരണം രാഹുൽ തീരെ പ്രതീക്ഷിച്ചില്ല അനു യാത്രയിൽ നിന്ന് വിടപറയാനായി എന്ന് അവൻ മനസ്സിൽ ആഗ്രഹിച്ചതും ട്രെയിൻ ആ സ്റ്റേഷനിൽ നിർത്തരുതെന്ന് പക്ഷേ തന്റെ മനസ്സിലെ ചിന്തകളെ മാറ്റിനിർത്തി അവൾക്ക് പോകാൻ സമയമായിരുന്നു. അനുവിന്റെ സ്റ്റേഷനിലേക്ക് ട്രെയിൻ പതിയെ ബ്രേക്ക് ചവിട്ടി തുടങ്ങി. മനസ്സില്ല മനസ്സോടെ വിടപറയാൻ ആഗ്രഹിക്കാതെ അവൻ അവളോട് പറഞ്ഞു. ഇനി എപ്പോഴെങ്കിലും കണ്ടുമുട്ടാം. അനുവും ഈ യാത്ര വളരെയധികം സന്തോഷപൂർവ്വം ഉള്ള യാത്ര ആയതുകൊണ്ട് തന്നെ അവളുടെ മനസ്സിലെ ഏതോ ഒരു കോണിൽ പെട്ടെന്ന് അവൾ സ്റ്റേഷനിൽ എത്തണ്ടായിരുന്നു എന്ന് ഉണ്ടായി. പക്ഷേ അവസാനം അവൾക്ക് പോവേണ്ടിവന്നു. അനു തന്റെ സ്റ്റേഷനിൽ തുടങ്ങുകയും ട്രെയിൻ പയ്യെ മുന്നോട്ടുപോവുകയും ചെയ്തു. വാതിൽ പടിയിൽ അവൻ അവളെ നോക്കി നിന്നു. അവളും തന്റെ ഓരോ ചുവട് കഴിയുമ്പോഴും തിരിഞ്ഞു നോക്കിയിരുന്നു. രാഹുൽ തന്റെ യാത്ര തുടർന്നു. അനു അവളുടെ വീട്ടിലേക്കും ഇന്നും അവൾ ഇനി ഒരു യാത്രയിൽ കണ്ടുമുട്ടും എന്ന പ്രതീക്ഷയിൽ ഇന്നും അവരുടെ ട്രെയിൻ യാത്ര തുടരുന്നു. ഈ ഒരു ചെറുകഥ രണ്ടു പ്രണയം മനസ്സുകളെ കുറിച്ചാണ് തമ്മിൽ ഒരിക്കൽ കണ്ടതിന്റെ ഓർമ്മയിൽ ഓരോ ട്രെയിൻ യാത്രയിലും ഓർക്കാവുന്ന ഓർമ്മകൾ സമ്മാനിച്ച പ്രിയ പ്രണയകഥ ഓരോ യാത്രയ്ക്കൊടുവിൽ വിട പറഞ്ഞു പോയ പ്രണയകഥ വീണ്ടും കണ്ടുമുട്ടുമെന്ന് പ്രതീക്ഷയിൽ അവർ മുന്നോട്ടു.....



# ഒരു യാത്രാമൊഴി

ഇന്നലെ അമ്മ വിളിച്ചു. എന്താണെന്ന് പോലും അറിയാതെ തലേദിവസത്തെ വഴക്കിൽ ഞാൻ ഫോൺ എടുത്തില്ല. വിളിച്ചതിന്റെ കാര്യം ചോദിക്കാൻ പോലും തിരിച്ച് ഞാൻ വിളിച്ചില്ല. ഇന്നറിയുന്നു. എന്റെ അമ്മ ഇനിയില്ലെന്ന്. അച്ഛൻ രാവിലെ എന്നെ വിളിക്കാൻ ഹോസ്റ്റലിൽ വന്നപ്പോൾ ഞാൻ വിചാരിച്ചു ഒരിക്കലും എന്റെ ഹോസ്റ്റലിൽ വരാത്ത എന്റെ അച്ഛൻ എന്നെ വിളിക്കാൻ വന്നിരിക്കുന്നു. വന്നിട്ട് അച്ഛൻ പറഞ്ഞു വരൂ നമുക്ക് വീട്ടിൽ പോകാം അമ്മയ്ക്ക് നിന്നെ കാണണമെന്ന്. അപ്പോഴും ഞാൻ എന്റെ മനസ്സിൽ വഴക്ക് വച്ചുതന്നെയിരുന്നു. അച്ഛൻ ഡ്രസ്സ് എല്ലാം എടുത്ത് വേഗം ഇറങ്ങാൻ പറഞ്ഞു. ഞാൻ വേഗം എന്റെ സാധനങ്ങൾ എടുത്ത് ഇറങ്ങി. പുറമേ ദേഷ്യക്കാരനായ അച്ഛൻ ഭരിക്കാൻ സ്വഭാവവും ഒന്നും കാണിക്കാതെ എന്നോട് വളരെ സൗമ്യമായാണ് സംസാരിച്ചതും പോകും വഴി തലയിൽ തലോടുകയും ചെയ്തു. അച്ഛൻ എന്നോട് പറഞ്ഞു അമ്മയ്ക്ക് ഇന്നലെ വീട്ടിൽ വച്ച് ചെറുതായി ഒരു നെഞ്ചുവേദന വന്നു. അപ്പോൾ തന്നെ അച്ഛനും അപ്പുറത്തെ വീട്ടിലെ സുരേഷ് ചേട്ടനും സുരേഷിന്റെ കാറിന് ഹോസ്പിറ്റലിൽ എത്തിച്ചു. അപ്പോൾ അമ്മയ്ക്ക് വലിയ പ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നിട്ട് നിന്നെ കാണണം എന്ന് എന്നോട് അവൾ പറഞ്ഞു. ഞാൻ അവൾക്ക് നിന്നെ ഫോൺ വിളിച്ചു കൊടുത്തു. മോൾ എടുത്തില്ല പിന്നെയും വിളിക്കാൻ പോയപ്പോൾ ഹോസ്പിറ്റലിൽ സിസ്റ്റർ പറഞ്ഞു ഐസിയു ആണ് ഫോൺ വിളിക്കാൻ പാടില്ലെന്ന്. അവൾ ചോദിച്ചു എന്നിട്ട് എന്റെ അമ്മയ്ക്ക് എന്താണ് എന്ത് പറ്റി അച്ചാ ഞാൻ അച്ഛനോടും അമ്മയോടും ദേഷ്യത്തിൽ ആയിരുന്നു. കോളേജിൽ നിന്നും ടൂർ പോകുവാൻ എനിക്ക് കാശ് തരാതെ ഇരുന്നതിനാൽ എനിക്ക് നിങ്ങളോട് ദേഷ്യം ആയിരുന്നു. അതുകൊണ്ട് ഞാൻ ഫോൺ എടുക്കാതെ ഇരുന്നത്. ഞാൻ ഇതൊന്നും അറിഞ്ഞില്ലല്ലോ അങ്ങനെ വീടിന്റെ അടുത്ത് എത്താറായപ്പോൾ മതിലുകളിൽ ചാരി നിന്ന് അയൽപക്കത്തുള്ളവർ ഓരോന്ന് പറയുന്നു. കുറേ ചേച്ചിമാർ സാരിയുടുത്ത് നടന്നുവരുന്നു. അതിശയത്തോടെ കുറെ ഞാൻ നോക്കി അച്ഛനോട് ചോദിച്ചു എന്തുപറ്റി അച്ഛാ അപ്പോൾ അച്ഛൻ പറഞ്ഞു അമ്മ പോയി മോളെ. നമ്മളെ വിട്ട് അവർ യാത്രയായി അത് കേട്ടതോടെ അവൾ കുഴഞ്ഞ അച്ഛന്റെ മടിയിലേക്ക് വീണു അമ്മയുടെ കെട്ടിപ്പൊതിഞ്ഞ ശരീരത്തിന് അടുത്ത് ഇരുന്ന അവൾ വിങ്ങി വിങ്ങി കരഞ്ഞുകൊണ്ട് മനസ്സിൽ എന്റെ അമ്മ എന്നെ ഇന്നലെ വിളിച്ചത് എന്റെ ശബ്ദം ഒന്ന് കേൾക്കാനായിരുന്നു എന്നെ വിട്ടു പോകുന്നത് എന്റെ അമ്മയ്ക്ക് ചിന്തിക്കാൻ കൂടി പറ്റില്ല എന്നിട്ടും എന്നെ വിട്ട് എന്റെ അമ്മ പോയി. എവിടെപ്പോയാലും ഞാനില്ലാതെ എന്റെ അമ്മയ്ക്ക് പറ്റില്ല എന്നൊക്കെ അവൾ അമ്മയുടെ അടുത്ത് ഇരുന്ന് പദം പറഞ്ഞ് കരയുവാൻ തുടങ്ങി. ഒടുവിൽ അമ്മയെ ചിതയിലേക്ക് എടുത്തപ്പോൾ തന്റെ അമ്മയ്ക്ക് അവൾ ഒരു സ്നേഹ ചുംബനം നൽകി. അങ്ങനെ നാട്ടുകാരും വീട്ടുകാരും എല്ലാവരും പോയി അമ്മയുടെ ചിത കത്തി തീർന്നു. അമ്മ അവളെ വിളിച്ചിട്ട് തനിക്ക് ഫോൺ എടുത്ത് സംസാരിക്കാൻ കഴിഞ്ഞില്ല തന്റെ അമ്മയോട് അവസാനമായി ഒരു വാക്കുപോലും തനിക്ക് സംസാരിക്കാൻ കഴിയാതെ പോയതിൽ അവൾക്ക് അത്രയധികം ദുഃഖം ഉണ്ടായിരുന്നു. അങ്ങനെ അമ്മയുടെ ചടങ്ങുകൾക്ക് വിരാമമായി. 16 നടത്തിയ ദിവസം

അവളുടെ അമ്മയുടെ അനിയത്തി അവളോട് പറഞ്ഞു അഞ്ജലി നിന്നെക്കുറിച്ച് മാത്രം ചേച്ചിക്ക് ചിന്ത ഉണ്ടായിരുന്നുള്ളൂ. ടൂർ വിടാത്തതിന്റെ ദേഷ്യം നിനക്ക് ഉണ്ടെന്നും നിന്നെ വിടാൻ പേടിയായിട്ടാണ് എന്നും ഒക്കെ എന്നെ തലേദിവസം വിളിച്ചപ്പോൾ പറഞ്ഞു ചേച്ചി മരിക്കുമെന്ന് പോലും അറിയാതെ അന്ന് എന്തോ നിന്നെക്കുറിച്ച് മാത്രമാണ് ചേച്ചി പറഞ്ഞത്. കല്യാണം ഒക്കെ നല്ല ഗംഭീരമായി നടത്തണം എന്നും എന്നിട്ട് അവൾക്ക് ഇഷ്ടമുള്ളിടത്ത് ഒക്കെ വിടണം എന്നും ഒറ്റയ്ക്ക് നിന്നെ വിടാൻ നല്ല പേടിയായിരുന്നു ചേച്ചിക്ക് കല്യാണം കഴിഞ്ഞാൽ കൂടെ ആ ചെക്കനും ഉണ്ടാകുമല്ലോ എന്നൊക്കെ പറഞ്ഞു ഇതെല്ലാം കൂടി കേട്ടപ്പോൾ അവർക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. അമ്മ പോയതോടുകൂടി അച്ഛന്റെ സ്വഭാവത്തിൽ നല്ല മാറ്റമുണ്ട്. പൊതുവേ ഭരിക്കുന്ന സ്വഭാവം മാറ്റി വീട്ടിലെ രാവിലത്തെ ജോലിയും, എന്നെ നന്നായി നോക്കാനും ഒക്കെ അച്ഛൻ ശ്രദ്ധിക്കാൻ തുടങ്ങി. അമ്മ ഇല്ലാത്തതിന്റെ ഒരു കുറവ് അവൾക്ക് വരരുതെന്ന് കരുതി അച്ഛനും സ്വഭാവത്തിൽ മാറ്റം വരുത്തി.

അമ്മ എന്നാൽ വാക്കിൽ ഒതുക്കാൻ പറ്റാത്ത കടലോളം സ്നേഹം മാത്രം ഉള്ളിൽ വച്ച് സ്വന്തം വീടും വീട്ടുകാരും മക്കളും എന്ന ചിന്തയിൽ രാവിലെയും രാത്രിയും അറിയാതെ വീട്ടിൽ എന്നും ഒരു നിലവിളക്ക് പോലെ എന്നും പ്രകാശിച്ചു നിൽക്കുന്നു. അമ്മയുടെ യാത്ര എന്നും ഒരു തീരാദുഃഖം തന്നെയാണ് യാത്ര കൾക്ക് എന്നും വിരാമം മരണമാണ് മരണം ഒരിക്ക ലും ഒരു യാത്രാമൊഴിയായി മാറാതിരിക്കട്ടെ.

*Arathi J.A*
*1st MA Vedanta*

# പ്രണയമോ........ കാമമോ........

അറിയില്ല ലോകമേ ഇന്നെന്ത്?
ഇനിയും നാളെയെന്ത്?

പ്രണയം എന്ന മൊഴിഞ്ഞ വാക്കിൽ ഇന്ന് അർത്ഥമില്ലാതെ ആയിടുന്നു. ആരെയും കൊല്ലുന്ന ആയുധമായി മാറിക്കഴിഞ്ഞോ ഈ പ്രണയം. പ്രായമറിയാതെ നാമെന്തെന്നറിയാതെ ആർക്കോവേണ്ടി എന്തിനോ വേണ്ടി പായുന്നു. പെറ്റിട്ട് ഈ ലോകം കാണിച്ചിടാതെ നീ ഇതിനെ പറഞ്ഞയച്ചു. ആർക്കുവേണ്ടി നീ ഇത്...സ്വാർത്ഥതയാകും നിൻ സുഖത്തിന് വേണ്ടി നീ കൊന്നത് ആ പിഞ്ചു പൈതലിനെ. കാമമാകും നിൻ ചൂഷണത്തിൻ ഇര ഒന്നുംഅറിയാത്ത ആ പിഞ്ചു പൈതൽ വികാരങ്ങൾ വിചാരങ്ങൾ ഏതൊന്നും അറിയാതെ ജീവിതം കളയുന്ന ഈ പ്രണയം. പ്രണയമല്ല ഇത് പ്രളയമാണ്. വറ്റിവരളാതെ അലറിപ്പായുന്ന പകയുടെയും വിദ്വേഷത്തിന്റെയും അടങ്ങാത്ത ചില ആർത്തിയുടെയും പ്രളയം പ്രണയം അത് നശിക്കുന്നു. ഈ ഭൂമിയിൽ നിന്നും അവ എങ്ങോട്ടോ മാഞ്ഞു. ഇന്നുള്ളതൊന്നും പൊന്നല്ല രത്നമല്ല അതെന്ന് തോന്നിക്കും വെറും കല്ലുകൾ മാത്രം.

*Sukanya Krishnan*
*I st BA Sahithyam*



*Malavika Vinod*
*3rd BA Vyakarana*

# बाष्पाग्निः

लोकयानप्रतीक्षाकेन्द्रे उपविश्य सा अचिन्तयत्। कथमेतत्। किमर्थं मे एतत् सम्भवनीयम् इति। कोल्कत्ता नगरे अतिसुन्दरग्रामेव सा जनिमलभत। तत्र एकं कुटीरे एव स्म तस्याः निवास। अतिसुन्दरः परिवारः। माता, पिता, अनुजः एव। तत्र ग्रामवासिनां प्रियङ्करी भवती सा। सर्वेषां कृते सा सत्याः स्नेहं प्रकटय्यति। सर्वेषां कृते उपकारी भवति सा। चतुर्थे कक्ष्यादारभ्य एव तस्याः जीवने किञ्चित् किञ्चित् व्यतिचलनं अभवत्। तत्र आरभ्य सा दुःखी अभवत्।

एकदा तस्य गृहे केचित् अतिथयः आगच्छत्। तत्र ते द्वित्रिदिनानि वासं कर्तुमेव अगच्छन्। अतः तस्यै अनुजाय च तत्र निद्रां कर्तुं यत्र कुत्रापि किञ्चित् अपि स्थलः नास्ति। अतः तस्याः माता तां पितुः अनुजस्य गृहं प्रति प्रेषितवती। तत् तस्यै सन्तोषं जनयति। तत् गृहं तस्यै स्वगृहमेव। पितुः अनुजस्य पत्नी तस्यै स्वपुत्रीमिव परिपालयति। अतः सा अपि तस्यै माता एव। तत्र तस्यै द्वौ सहोदर्यो स्तः। तत्र गत्वा एव सा प्रतिदिनं अक्रीडयत्। अतः सा सन्तोषेण तत्र गतवती। तत् समये तत्र तेषां बन्धुः आगतम्। सः एकः युवकः। सः तत्र वासं कर्तुं आगतं। ते सर्वे तत्र एकेन क्रीडां क्रीडितवन्तः। ते सन्तोषेण क्रीडायां विरामं कृत्वा निद्रां कर्तु गतवन्तः। छात्राः सर्वे एकेप्रकोष्ठे एव निद्रां कृतवती। रात्रौगतः किञ्चित् समयानन्तरं सा निद्रात् शीघ्रं उत्तिष्टेत्। तस्याः मुखे एकः बलिष्ठः करः अपतत्। किम् तत् इति अवगन्तुं तस्यै न शक्नोति। अनन्तरं तत् करः तस्याः उदरे पादौ सर्वत्र अचलम् सा भीत्या किमपि वक्तुं न शक्नोति। सा मौनेन तत् अन्धकारे स्थितवती। अनन्तरं त्रीणि दिनानि एतदेव संभवेत्। किम् तत्र चलति इति ज्ञातुं बुद्धिः तस्यै नास्ति। किम् इति चेत् सा बालिका एव। किम् कर्तुं शक्यते? केषामपि कृते अवदत् चेत् किमपि अनिष्टानि कार्याणि संभवेत् इति विचिन्त्या सा मातुः सकाशं अपि एतत् उक्तम्। तत्र आरभ्य सा मौनी अभवत्। तस्याः अन्तर्बाष्पं द्रष्टुं तत्र कोढपि नास्ति। वर्षाणि गतानि। प्रतिवर्षे तस्यै एतदेव संभवेत्। सः बलिष्ठः करः तस्यै भीति जनयति। तस्याः पितुः समीपे अनुजस्य समीपे अपि गन्तुं सा भीतिं अनुभवति। सा तस्याः गृहे मौनी भूत्वा उपविशत्। पठितुं अपि सा गन्तव्यम्। दिनानि गतानि।

एकस्मिन् दिने सः तस्याः गृहं आगतम्। तत् समये तत्र को/ पि नास्ति। सः किञ्चित् समयं तत्र स्थित्वा प्रत्यागच्छेत्। तत् दृष्ट्वा तस्याः गृहस्य समीपे स्थितः गृहिणि तेषां कृते किमपि अन्यत् सम्बन्धः अस्ति इति विचिन्त्य तस्याः मातुः समीपं गत्वा एतत् उक्तं। एतत् श्रुत्वा माता, पिता च ताम् ताटयति। अतिताटनं सहेत् सा शीघ्रं अवदत् सर्वमपि वृत्तान्तं। किन्तु तस्यै विश्वासं दातुं ते न इच्छन्ति इति तेषां चलनेन एव सा अवगच्छति। तत् दिने सा तत् गृहात् बहिः अगच्छेत्। केषां कृते किमपि न उक्तवती सा। सा एकं लोकयानं प्रतीक्ष्य तत्र उपविशेत्। कदापि तस्यै एतस्य परिहारं आगच्छेत् इति विचिन्त्य।



*Rohith Krishna T.S*
*Ist Year Sahithya*

# ഗാസയിലെ പെൺകുട്ടി

വിറ്റു,
ഞാനെൻ ദേഹിയും
വിറ്റു,
ഞാനെൻ മേനിയും
വിറ്റുവെൻ തേജസ്വിയാം
ചേതസ്സും
വിറ്റുവെൻ മധുരമാം
അധരങ്ങളും
ചോരയാലെഴുതിയീ
കരാറിൻ കൂലിയെറിഞ്ഞിട്ടാ
രക്തത്തിലായിപ്പടർന്നു
പരന്നീശൂന്യമാം
ശാന്തമാം ഈ
വരാന്തതൻ
ഉൾപ്പരപ്പിലായ്
ലയിച്ചു...
അലർച്ചയോ
അമർച്ചയാൽ
മൂടിയവർ
ഇന്നെൻ
രോഷമോ
പരോക്ഷമായ്
മാറ്റിയവർ
മൂകയാക്കിയവർ
അഗ്നിയാണഗ്നിയാ
അഗ്നിയാണിതെൻ
ചുറ്റിലും
ഈറനാൽ
ഇരുളും
കവർന്നെടുന്നെൻ
മനം
കലക്കിടുന്നു
ഒന്നുമേ വിധിച്ചതില്ല
ഒന്നിനായും
കൊതിച്ചതില്ല
ആശയായ്
കരുതിയതോ
ആറടി മണ്ണു മാത്രം
സ്വതന്ത്രയല്ല
സ്വാതന്ത്ര്യമില്ല
ഇരുട്ടിലല്ല
ആഭാതിയില്ല
മരവിച്ചിതെൻ നാടും
മരിച്ചുപോയതെൻ
സ്വർഗ്ഗ
സ്വപ്നങ്ങളും
അലസമാം

അലകളോ
പുൽകുന്നു തീരത്തെ
ഭ്രാന്തമേ ലോകത്തിലാ
ഭ്രാന്തിയായ്
അലയുന്നു
ഞാനിന്നുമേ...
വിറ്റു
ഞാനെൻ മാനവും
വിറ്റു
ഞാനെൻ വാനവും
വിറ്റുവെൻ ശലഭമാം
ഓർമ്മകളും
വിറ്റുവെൻ അനഘമാം
ജൂതുക്കളെയും
ആർദ്രമീ
ഭൂമിയും കത്തുന്നുവോ
ആർത്തിയാൽ
കണ്ണുകളും ചുമക്കുന്നുവോ
എന്നാണെന്നാണെൻ
അവശയാം ഹൃത്തിലായ്
പെയ്യുകയിന്ന രാമഴ...



## മഴയെപ്പറ്റി വീണ്ടും

സമുദ്രം
മഴയെപ്പറ്റി
സങ്കല്പിക്കുന്നുണ്ടാവുമോ?
ആർത്തലച്ചു പെയ്ത്
സ്വയം മറക്കുന്ന
മഴയെപ്പറ്റി –
ചന്നം പിന്നം പെയ്ത്
പരിഭവിക്കുന്ന
മഴയെപ്പറ്റി –
ആകാശജാലകപ്പഴുതിലൂടെ
കൈ നീട്ടി തൊട്ട്
സ്വയം കുളിരുന്ന
മഴയെപ്പറ്റി –
തിരകളിൽ,
ചുഴികളിൽ,
മലരികളിൽ,
തരംഗങ്ങളിൽ,
നുരകളിൽ,
തിരമാലകളിൽ,
അഭിരമിക്കുന്ന
സമുദ്രത്തിന്
എന്തിനാണ്
മഴയുടെ
വേറിട്ട സ്പർശം ?
മഴയെ
അറിഞ്ഞറിഞ്ഞ്
സമുദ്രത്തിലെത്തുന്നുവല്ലോ –



## ഗവേഷണം

ജീവിതം ഒരു
പ്രബന്ധ ശരീരമാണ്
അതിവിരസമായ
ആമുഖം –
അടുക്കും ചിട്ടയുമില്ലാതെ
ആശയങ്ങളെ
കുത്തിനിറച്ച
പ്രധാനാദ്ധ്യായങ്ങൾ –
അലകടൽ ബാക്കി വക്കുന്ന
അനന്തവിസ്മയങ്ങളോ
ഗിരിശൃംഗത്തിന്റെ
നിത്യ ഗഹനതയോ
ഒന്നുമില്ലതിൽ –
അമർത്തിയെഴുതി
തെളിയിച്ച
വിരാമചിഹ്നങ്ങളോ
സ്ഥാനം തെറ്റിയിട്ട
ഒന്നോ രണ്ടോ കോമകളോ
മാത്രമാണ്
കണ്ടെത്തുന്നത്
അതു മമതയാവാം
പ്രിയമാവാം –
അതുമാത്രമാണ്
പ്രബന്ധത്തിലെ
താല്പര്യമുണ്ടാക്കുന്ന
വസ്തുതകൾ –
ഉപസംഹാരവും.
പരിശോധകന്
നിർവ്വചിക്കാനും
തിരുത്തൽ
വരുത്താനും
ഒന്നുമില്ലതിൽ ...

## സാദൃശ്യങ്ങൾ

മുളപൊട്ടുന്ന പച്ചപ്പുകൾ–
ഇലനീട്ടി കതിർ നീട്ടി
പൂത്ത് കായ്ച്
മധുരസം
തുളുമ്പുന്ന
ഫലങ്ങളെല്ലാം
അമ്മയാകുന്നു.

കൈകൾ വിടർത്തി
ആലിംഗനം ചെയ്യുന്ന
വൻമരങ്ങൾ
ലോകത്തിനു
കരുത്തും കാതലും
നൽകുന്ന
വൻമരങ്ങളെല്ലാം
പിതൃസദൃശം

പേരു പറഞ്ഞാൽ
തീരാത്തത്രയും
പൂവുകൾ
അടിമുടി നിറഞ്ഞു
പൂത്തുനിൽക്കുന്ന
വർണ്ണാഭമായ
മലർക്കാടുകൾ
പ്രണയംപോലെ.

മണ്ണ് ഊഷരമാകുമ്പോൾ
മരങ്ങൾ
കടപുഴകുമ്പോൾ
അവസാനത്തെ
ഇലയും പൊഴിച്ച്
പൂക്കാലവും
പൊയ്പ്പോകുമ്പോൾ
പ്രാണൻ പിടഞ്ഞ്
കൈകാലിട്ടടിച്ച്
ഞാനും പോകുന്നുവല്ലോ..

*Dr. Latha K.S*
*Asst. proffessor*
*Dept. of Vedanta*

# മുക്തകങ്ങൾ

## കള്ളക്കണ്ണൻ



അമ്മ വച്ച നറുവെണ്ണ കട്ടു
പതിയെ കടന്ന   ചെറു പൈതലേ
ഗോപിമാരുറിയിൽ കാത്തുവച്ച
നറു പാൽ കവർന്ന കരുണാനിധേ
വസ്ത്രവും കനിവിൽ രുക്മിണീ
മനവുമേറ്റി യാരുമറിയാതെ നീ
ശ്രീപതേ, കളവിലാണ് നിൻ മഹിമ
കൂപ്പിടാം കൊടിയ ചോരനെ

## കടമ്പ്

വേനൽ വന്നു കറിനം, കരിഞ്ഞു വനമൊക്കെ വാടി
നിലകൊള്ളവെ
മിന്നിനിൽപ്പു നിറയേ പൊതിഞ്ഞ പുതു പൂക്കളോടൊരു
കടമ്പ,താ
കാളിയന്റെ  മദമന്നു തീർക്കുവതിനായി വന്ന
ജഗദീശ്വരൻ–
തന്റെ കാൽത്തളിരുകൊണ്ട് പൂങ്കുലകൾ തീർത്തതോ
പ്രണയപൂർത്തിയിൽ !

## നവവരൻ

വൈരപ്പൊൻ മാലയായീ ഗളമതിലിഴയും
വൻപെഴും ശ്രേഷ്ഠ നാഗം
ഫാലേ തൃക്കണ്ണു മാഞ്ഞൂ തെളിയുമവിടെയാ
ശ്വേത ഗോരോചനാങ്കം
ആനത്തോൽ മാറി ചെമ്മേ പുതിയൊരു
കസവിൻ പട്ടുവസ്ത്രം തിളങ്ങീ
ഖഡ്ഗത്തിൽ കാന്തി നോക്കും ബത നവവരനാം
ശങ്കരനായ് തൊഴുന്നേൻ

## താണ്ഡവം

വിദ്യുദ്ദാമം വിളക്കായ്
തെളിയുമകലെയാ ചക്ര
വാളങ്കണത്തിൽ
കാന്തം വർണാഭമേഘം യവനിക,
മുഖരം കേളിനാദപ്രഘോഷം
നാട്യത്തിൻ നേരമായി, വിരവൊടു
ഭുവനം കാത്തു കാത്തങ്ങിരിക്കെ
രംഗത്തെ തൊട്ടുണർത്താൻ
നടവര! നടനം ചെയ്ത നീ
മുപ്പുരാരേ.

## ശിവരാത്രി നമസ്കാരം

കാണാം മിന്നൽപ്പിണർ പോൽ
തിരുജടയിലൊളിച്ചീടുമാ
ചന്ദ്രബിംബം
മൂന്നാം കണ്ണിൽ ജ്വലിക്കും
സ്മരമുടെ
തനുവിൽച്ചേരുമംഗാരനാളം
അംഗത്തിന്നർദ്ധഭാഗം
മലകൾരമണിക്കേകി,
കൈലാസമദ്ധ്യേ
ശോഭിക്കും തമ്പുരാനേ തിരുവടി
വിനമിക്കുന്നു മാലോകരെല്ലാം.

*Dr. Saritha Maheswaran*
*Professor*
*Dept. of Sahithya*





# ISHAAN'S AWAKENING

Jaipur, the Pink City, glittered under the mid-morning sun. Its old, pink stone walls hummed with the crazy dance of life – the blare of rickshaws, the chatter of shopkeepers trying to sell their goods, and the happy yells of street performers. But in all that hustle and bustle, there was this one kid who just stood out.Not because of his funky clothes.Not because he had a flute tucked behind his neck.It was because, well, no one ever actually saw him walk.He'd just pop up out of nowhere, vanish into thin air, appear upside down on a camel, or even make a glass of lassi disappear right from a vendor's hand. His name was Ishaan, and to everyone in Jaipur, he was a total enigma, a mischievous prankster… a walking, breathing legend.The thing was, Ishaan himself had no idea who he really was.One starry night, Ishaan found himself perched on top of Hawa Mahal, playing his flute so softly. The tune was ancient, it pulled at something deep inside you, and it was simply divine.Suddenly, the clouds started swirling, like a giant hand stirring them. A gush of wind swept the stars into wild patterns. And from Ishaan's flute, it wasn't just music anymore — a voice spoke. "It's time. What you think is pretend will become real. Your laughter, that's your weapon."His flute began to glow. His everyday clothes shimmered, transforming into a magnificent kurta woven with threads that looked like they were made of starlight. Then, a single peacock feather drifted down from the sky and settled perfectly on his head.And then… quiet.

A sudden, heavy silence.Until the city below exploded with screams.The Shadow Jester ArrivesOut of a dark alley stepped Tamasura — they called him the Shadow Jester. He was this villain who could twist reality into pure fear and mess with people's minds until they were in chaos. His laugh? It could literally shatter mirrors. And his eyes were like endless, empty tunnels.He was hunting for the boy with the flute."Come out, little peacock," he hissed, his voice like rustling dry leaves. "Let's play with your little tricks and see if that smile of yours can survive me."Ishaan just grinned. A wide, defiant grin. He snapped his fingers, and suddenly, twenty exact copies of him appeared, all of them taunting Tamasura. Ishaan 1: "You're uglier than the backside of a cow in a sandstorm."Ishaan 2: "Is your brain rented or naturally empty?"Ishaan 3: "Do shadows like you cry when someone turns on the light?"Tamasura roared, lashing out with tendrils of shadow – but every single Ishaan vanished like smoke.The sky above turned into a psychedelic dream. Illusions twisted everything, warping reality itself.Rickshaws started dancing. Goats wore glasses. Tamasura stepped into a puddle and somehow fell into the sky.

He tried to strike Ishaan, but it was just a reflection.He chased him, but it led him into an endless hall of mirrors, all of them laughing back at him.Finally, Ishaan appeared, his eyes glowing, his flute vibrating with power."I am the Trick of Righteousness. The Smile of the Cosmos itself. I don't fight with my fists… I fight with joy."He played one final, clear note.The illusions shattered and collapsed. Tamasura froze, tangled in a sticky web of his own shadows – trapped inside an endless loop of mirrors, each one showing him his deepest fears.The Call of PanchajanyaAs dawn painted the city in shades of gold, Ishaan stood atop Nahargarh Fort.He felt this deep, undeniable pull, like something was calling him.A scroll materialized out of thin air – marked with the symbol of a conch shell. Aarav, the Fire Bearer, had called him"Time to stop playing games," Ishaan whispered, a hint of seriousness in his voice.He summoned a magnificent peacock, shimmering with music and mist, climbed onto its back, and soared into the sky – his laughter trailing behind him like a bright, joyful comet.The Panchajanya were finally coming together.The game, it was about to get very, very serious.

***Arjun***
***I st MA Vedanta***

# NSS 2024 – 25 പ്രവർത്തന റിപ്പോർട്ട്

05.06.2024 പരിസ്ഥിതി ദിനത്തോടെ എൻഎസ്എസ് പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രിൻസിപ്പാൾ ഡോക്ടർ കെ ഡി ശോഭ പച്ചക്കറി തൈകൾ നട്ടു കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു. എൻഎസ്എസ് ഗാനത്തോടെ ആരംഭിച്ച പരിപാടിയിൽ പ്രോഗ്രാം ഓഫീസർ ജിജി വി സ്വാഗതവും വൈസ് പ്രിൻസിപ്പൽ ഡോക്ടർ കെ സി സുശീല സാഹിത്യ വിഭാഗ അധ്യക്ഷ ഡോക്ടർ സരിത മഹേശ്വരൻ എന്നിവർ ആശംസയും വോളണ്ടിയർ സെക്രട്ടറി നിവേദ എൻ നന്ദിയും രേഖപ്പെടുത്തി. അധ്യാപകരും വോളണ്ടിയർമാരും തൈകൾ നട്ട് പച്ചക്കറി തോട്ടം നിർമ്മിച്ചു. 21. 6. 2024ന് യോഗ ദിവസം സമുചിതമായി ആഘോഷിച്ചു. യോഗയുടെ സൈദ്ധാന്തികമായ മഹത്വത്തെക്കുറിച്ച് ഡോക്ടർ ഇ എൻ ഈശ്വരൻ സാറും (ജ്യോതിഷ വിഭാഗം അധ്യക്ഷൻ) പ്രവർത്തനരീതിയും പരിശീലനം ഡോക്ടർ കെ. ആർ. ബിനോയ് സാറും (കായിക വിഭാഗ അധ്യക്ഷൻ) ബോധവൽക്കരണ ക്ലാസ് നടത്തി. 29. 7. 2024 ഒന്നാം വർഷ ബി എ, എം എ വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാല എൻഎസ്എസ് പ്രോഗ്രാം കോ ഓഡിനേറ്റർ ഡോ. സരിത ടി പി ഉദ്ഘാടനം ചെയ്തു. കാലിക്കറ്റ് സർവകലാശാല എൻഎസ്എസ് പ്രോഗ്രാം കോ ഓഡിനേറ്റർ ഡോക്ടർ ഷിഹാബ് ആർ എൽ വി കോളേജ് എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ശ്രീ മനു എന്നിവർ കുട്ടികൾക്ക് എൻഎസ്എസ് വോളിന്റിയർ പരിശീലനം നൽകി. 13. 8. 2024ൽ ലഹരിവിരുദ്ധ പ്രതിജ്ഞയെടുക്കാൻ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സമുചിതമായി സംഘടിപ്പിക്കാനും തീരുമാനിച്ചു. 14.8.2024 ന് കാലാലയ ശുചീകരണത്തിനായി മിനി ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പസ് പരിസരവും ക്ലാസ് റൂമുകളും ശുചീകരിച്ചു. 15. 8. 2024 ന് സ്വാതന്ത്ര്യദിനാഘോഷവും എൻഎസ്എസ് നേതൃത്വത്തിൽ പ്രിൻസിപ്പാൾ ഡോ. കെ ഡി ശോഭ ദേശീയ പതാക ഉയർത്തിയും മധുര പലഹാര വിതരണം നടത്തിയും നിർവ്വഹിച്ചു.

27. 8. 2014 ന് എൻ എസ് എസിന്റെ നേതൃത്വത്തിൽ അവയവദാന ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. സമക്ഷ എറണാകുളം ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ രാംകുമാർ എൻ ക്ലാസ് എടുത്തു. 6 .9. 2024ന് തൃപ്പൂണിത്തുറ നഗരസഭ സംഘടിപ്പിക്കുന്ന അത്തം 2024 ഘോഷയാത്രയിൽ എൻഎസ്എസിന്റെ നേതൃത്വത്തിൽ 50 വിദ്യാർഥിനികൾ അത്തം പതാക ഏന്തി പങ്കെടുത്തു. 26. 9. 2024 സ്വച്ഛതാ കി സേവ പരിപാടിയുടെ ഭാഗമായി ഫോർട്ടുകൊച്ചി ബീച്ച് ക്ലീനിങ് സംഘടിപ്പിച്ചു. കോളേജിലെ 30 എൻഎസ്എസ് വോളണ്ടിയർമാർ രാവിലെ ഫോർട്ടുകൊച്ചി ബീച്ചിൽ എത്തുകയും പ്ലാസ്റ്റിക് തുടങ്ങിയ മാലിന്യങ്ങൾ ശേഖരിച്ച് അവിടത്തെ ഹരിത കർമ്മ സേനയ്ക്ക് കൈമാറുകയും ചെയ്തു.

25. 10 2024 ന് വയനാട് മുണ്ടക്കൈ ഉരുൾ പൊട്ടൽ ദുരിതബാധിതരെ സഹായിക്കുവാനുള്ള ധനസമാഹരണത്തിനായി പായസം ചലഞ്ച് സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. കെ ഡി ശോഭ പരിപാടി ഉദ്ഘാടനം ചെയ്തു. എൻഎസ്എസ് വോളണ്ടിയർ സംഭരിച്ച 10,000 രൂപ സംസ്ഥാന സർക്കാരിന് കൈമാറുകയും ചെയ്തു.

25. 11. 2024 ന് വോട്ടർപട്ടികയിൽ വോളണ്ടിയർമാരെ ചേർക്കുന്നതിന് ആയുള്ള രജിസ്ട്രേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചു. എറണാകുളം ജില്ല സബ് കളക്ടർ ശ്രീ മീര കെ., ഐ എ എസ് പരിപാടി ഉദ്ഘാടനം ചെയ്തു. ധാരാളം വോളണ്ടിയർമാർ ഇതിലൂടെ പുതിയതായി വോട്ടർ ഐഡി കാർഡ് ലഭ്യമാക്കി.

15.1.2024 ന് എയ്ഡ് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.

28 1 2025 തൃപ്പൂണിത്തുറ എൻഎസ്എസ് യൂണിറ്റ് ഐ.എം.എ.എറണാകുളം സഹകരണത്തോടെ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. 20 വോളിയണ്ടിയർമാർ രക്തദാനം നടത്തി.

***Gigi V***
***NSS Co. ordinator***
***Asst. Professor***
***Dept. of Nyaya***

# NSS സപ്തദിന സഹവാസ ക്യമ്പ് 2024-25

NSS ന്റെ സപ്തദിനസഹവാസക്യാമ്പ് 21.12.2024 മുതൽ 27.12.2024 വരെ എറണാകുളം അയ്യപ്പൻകാവ് എസ്. എൻ. ഹൈസ്കൂളിൽ വെച്ച് നടന്നു. കൊച്ചിൻ കോർപ്പറേഷൻ പ്ലാനിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ പ്രിയ പ്രശാന്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൾ ഇൻ ചാർജ്ജ് ഡോ. കെ.സി. സുശീല അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ പ്രോഗ്രാം ഓഫീസർ ജിജി. വി. സ്വാഗതവും എസ്.എൻ. സ്കൂൾ ഹെഡ്മിസ്ട്രസ് ലേഖലാൽ, എസ്.എൻ. ട്രസ്റ്റ് വടുതല പ്രസിഡന്റ് വി. എസ്. സോമദാസൻ, വാർഡ് കൗൺസിലർ ഡറിന ജോൺ, ട്രസ്റ്റ് മെമ്പർ ബിജോയ് എ.ആർ, കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി പ്രണവ് എൻ. സഹദേവൻ എന്നിവർ ആശംസകളും വോളണ്ടിയൽ സെക്രട്ടറിയായ നിവേദ നന്ദിയും രേഖപ്പെടുത്തി. രാവിലെ 5.30 ന് ഉണരൽ, 6.00 മണിക്ക് അസംബ്ലി യോഗ, 8.30 ന് പ്രഭാതഭക്ഷണം, 9 ന് ശ്രമദാനം, 12.30 ന് ഉച്ചഭക്ഷണം, 2.30 ന് ബോധവൽക്കരണക്ലാസ്സ്, പരിശീലന പരിപാടികൾ മുതലായവ 4.30 ന് ചായ 6 മണി മുതൽ സാംസ്കാരിക പരിപാടികൾ 8.30 ന് അത്താഴം. 9.30 ന് ക്യാമ്പ് അവലോകനം എന്നിവ ഏഴു ദിവസം കൃത്യമായി അനുവർത്തിച്ചു. ശ്രമദാനമായി സ്കൂൾ പരിസരം വൃത്തിയാക്കൽ, നഗരസഭയുടെ പൊതു ഓഡിറ്റോറിയത്തിന്റെ പരിസരശുചീകരണം, സ്കൂൾ മതിലുകളിൽ സത്വചനങ്ങൾ എഴുതുക, പൂന്തോട്ട നിർമ്മാണം എന്നിവ വളരെ ഭംഗിയായി നിർവ്വഹിച്ചു. വയോജന അവകാശസംരക്ഷണം എന്ന വിഷയത്തിൽ അഡ്വ. സ്വരാജ് പി.എസ്. സെൻട്രൽ ഗവൺമെന്റ് സ്റ്റാൻഡിങ് കൗൺസിൽ അവയവ രക്തദാന ബോധവൽക്കരണ ക്ലാസ് ശ്രീ രഞ്ജിത് കുമാർ പ്രസിഡന്റ് മഹാത്മ സ്റ്റഡി സർക്കിൾ എന്നിവർ 22.12.2024, 23.12.2024 എന്നീ ദിവസങ്ങളിൽ ബോധവൽക്കരണം നടത്തി. ഗവൺമെന്റ് സംസ്കൃത കോളേജ് തൃപ്പൂണിത്തുറ ED ക്ലബ് മെമ്പർ ശ്രീ. വിപിൻ ആർ സോപ്പ് നിർമാണത്തിൽ 24.12.2024 വോളണ്ടിയർമാർക്ക് പരിശീലനം നൽകി. 25.12.2024ന് മംഗളവനം സന്ദർശിച്ച് വ്യത്യസ്തരായ പക്ഷികളെ പരിചയപ്പെടുകയും നഗര മധ്യത്തിലുള്ള ഈ പ്രകൃതി സൗന്ദര്യത്തെ മനസ്സിലാക്കുകയും ചെയ്തു. 26.12.2014 സിഡ്രു ഫാർമസി വരാപ്പുഴയുടെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഡോക്ടർ അർച്ചന ജി. സൗജന്യ പരിശോധനയും മരുന്ന് വിതരണവും നിർവഹിച്ചു. വൈകുന്നേരം ആറുമണിമുതൽ ഉള്ള കലാപരിപാടികൾ വോളണ്ടിയർമാർക്ക് വളരെ രസകരമായ അനുഭവങ്ങൾ ആയി. നാല് ഗ്രൂപ്പുകളായി വ്യത്യസ്തമായ പരിപാടികൾ വോളണ്ടിയർമാർ സംഘടിപ്പിച്ചു. സാമൂഹ്യബോധമുള്ള നല്ല തലമുറകൾ ആവാൻ എൻഎസ്എസിൽ തുടർന്ന് പ്രവർത്തിക്കാൻ വോളിന്റിയർമാർക് ക്യാമ്പ് സഹായമായി. 27.12.2024 ന് ക്യാമ്പ് സമാപിച്ചു.

# REPORT 2024-25

## DEPARTMENT OF PHYSICAL EDUCATION

This was a year of new academic programs and sports endeavors in our college. The department started to offer Multi Disciplinary Courses ' First Aid and CPR', 'Introduction to Yoga'. The department of Physical Education successfully conducted a one day National Seminar on " Democracy, Constitution and Social Justice". As a part of sharing facilities and infrastructure among nearby Government Colleges, our college offered indoor badminton facilities to Government Ayurveda College Tripunithura.

The usual sports activities include Intramural Sports Competitions, Onam Sports Competitions, MG University Sports Competitions, Sports Coaching Camps, Annual Sports Day and Indoor Sports Competitions for students, teachers and office staff.

In this academic year under Extramural Competitions Our College participated in MG University Inter Collegiate Tournaments in Football, Cricket, Badminton, Table Tennis and Athletics. The college team participated in "Super League 2024" soccer tournament held at model engineering college Trikkakara. The college teachers team participated in MG University Badminton tournament held at MA College Kothamangalam. The college participated in All India Talent Festival 2024.

Under Intramural competitions in this academic year the department conducted Onam Social Games for students, teachers and office staff it also include indoor games like Table Tennis, Badminton And Tug of war. The department conducted indoor games competitions in chess, caroms, Table Tennis and Badminton included singles, doubles and mixed doubles. The department organized coaching camps in Football, Badminton and Table Tennis. The department organized a one day national seminar under the aegis of Institute of parliamentary affairs Kerala. At the end of the academic year the college conducted Annual Sports Day in which all students, teachers and office staff participated. The department conducted regular practice in all minor and major games. The department provided 8 station multi gym and indoors sports facilities to students, teachers and office staff. The department inaugurated a new indoor Badminton Turf and Table Tennis Hall for the students, teachers and officestaff. As mentioned above this was an year of academic advancement as well as novel sports programs when the college is concerned.

The department of Physical Education conveys their gratitude to all teachers, office staff, college union and students for their kind participation and cooperation in conducting those events. Thanks All.

***DR. BINOY K R***
***Associate Professor***
***Department of Physical Education***

# സാഹിത്യ വിഭാഗം

2024 –25 ജൂണിൽ ആരംഭിച്ച അദ്ധ്യയന വർഷത്തിൽ സാഹിത്യം വിഭാഗത്തിൽ 8 കുട്ടികളാണ് ബി.എ ക്ലാസിൽ ചേർന്നത്. എം.എക്ക് 6 പേർ ചേർന്നു. സാഹിത്യവിഭാഗത്തിൽ മാമി കാമില എന്ന പേരുള്ള ഒഡീഷ വിദ്യാർത്ഥിയും കൂടെ ഉണ്ടായിരുന്നു. കോളേജ് അദ്ധ്യാപന രംഗത്തേക്കു പുതിയതായി വന്ന സി.ജി. വിജയലക്ഷ്മി വിഭാഗത്തിനു മുതൽക്കൂട്ടായി.

സാഹിത്യവിഭാഗം വിദ്യാർത്ഥികൾ കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങളിൽ മുന്നിട്ടു പ്രവർത്തിച്ചു. സാഹിത്യവിഭാഗം അദ്ധ്യാപകനായ ഡോ. വി.പി. ഉദയകുമാറിന്റെ നേതൃത്വത്തിൽ വർഷം മുഴുവൻ സംഘടിപ്പിച്ച വാക്യാർത്ഥസദസ്സ് വിജയകരമായിരുന്നു. വാക്യാർത്ഥത്തിന്റെ പരിശീലനം കിട്ടിയ വിവിധവിഭാഗങ്ങളിലെ കുട്ടികൾ മറ്റു കലാലയങ്ങളിൽ പോയി മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങളും കരസ്ഥമാക്കി. സാഹിത്യവിഭാഗം മേധാവി ഡോ. സരിത മഹേശ്വരന്റെ ശിക്ഷണത്തിൽ അക്ഷരശ്ലോകപഠനം നടത്തിയ വിദ്യാർത്ഥികൾ പൂർണത്രയീശന്റെ ഉത്സവത്തിന് ശ്ലോക സദസ്സ് അവതരിപ്പിക്കുകയുണ്ടായി . മാതൃഭാഷാവാരാചരണം വായനാദിനം തുടങ്ങിയവയിൽ കുട്ടികളുടെ സജീവസാന്നിദ്ധ്യമുറപ്പിക്കാൻ കോഡിനേറ്റർ കെ.പി. വിനോദ്കുമർ ഉണ്ടായിരുന്നു. ഹോസ്റ്റൽ വാർഡനായിരുന്ന ഡോ. പി. ഷമീജ കുട്ടികളുടെ എല്ലാ രംഗങ്ങളിലും ശ്രദ്ധയോടെ ഉണ്ടായിരുന്നു. സാഹിത്യം ബി.എ റിസൽട്ട് 90 ശതമാനം ഫുൾ പാസ് ആണ്. പ്രിൻസിപ്പാൾ ഡോ കെ.ഡി ശോഭ വൈസ് പ്രിൻസിപ്പാൾ ഡോ. കെ. സി. സുശീല എന്നിവരുടെ റിട്ടയർമെന്റ് എല്ലാ വിഭാഗത്തിലുമുള്ള വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം കൊണ്ട് മികവുറ്റതായി . അതിന്റെ ഭാഗമായി സാഹിത്യവിഭാഗം ആറാം സെമസ്റ്റർ വിദ്യാർത്ഥിനിയായ മീനാക്ഷിയുടെ നേതൃത്വത്തിൽ ഒരു നൃത്താവിഷ്കാരം നടത്തി. ഫർസാന ഫൈസൽ, ദേവിക കെ.എ. മീനാക്ഷി തുടങ്ങിയ സാഹിത്യവിദ്യാർത്ഥികൾ കലോത്സവങ്ങളിളെ വിവിധ കലാവിഭാഗങ്ങളിൽ എ ഗ്രേഡ് കരസ്ഥമാക്കി. സന്തോഷപൂർണമായ കാലഘട്ടമായിരുന്നു. കഴിഞ്ഞ വർഷാന്ത്യത്തിൽ നമ്മെ വേർപിരിഞ്ഞ വേദാന്ത വിഭാഗം അദ്ധ്യക്ഷ നമ്മുടെ സ്വന്തം ഡോ. എം. രഞ്ജിനിയുടെ അകാലനിര്യാണത്തിൽ സാഹിത്യ വിഭാഗം അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

# ന്യായ വിഭാഗം

2024 -25 അധ്യയനവർഷത്തിലെ ഗവ. സംസ്കൃതകോളേജ് തൃപ്പൂണിത്തുറയുടെ വികസനത്തിൽ ന്യായവിഭാഗം സജീവമായി പങ്കാളികളായിട്ടുണ്ട്. ന്യായവിഭാഗത്തിലെ സീനിയർ അദ്ധ്യപികയും കോളേജ് വൈസ് പ്രിൻസിപ്പാളും ആയിരുന്ന ഡോ. കെ.സി. സുശീല FYUGP ഓണേഴ്സ് ബിരുദം കോഴ്സിമായുള്ള എം.ജി. യൂണിവേഴ്സിറ്റി ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചെയർമാൻ ആയി പ്രവർത്തിച്ചു. കോഴ്സുകളുടെ ഏകീകരണത്തിനും സിലബസ് നിർമ്മാണം പരീക്ഷാ നടത്തിപ്പ് മുതലായവ കുറ്റമറ്റതായി സംഘടിപ്പിക്കാൻ ടീച്ചറുടെ പ്രവർത്തനങ്ങൾ സഹായിച്ചു. കോളേജിൽ സർക്കാരിന്റെ ഹംഗർഫ്രീ ക്യാമ്പസ് പദ്ധതിയുടെ കോ. ഓർഡിനേറ്ററായും പ്രവർത്തിച്ചു.

ന്യായവിഭാഗം HOD ആയ ജിജി വി. FYUGP ന്യായവിഭാഗം നാല് വർഷ ഓണേഴ്സ് ബിരുദ കോഴ്സിന്റെ സിലബസ് നിർമ്മാണത്തിന് പ്രമുഖസ്ഥാനം വഹിച്ചു. പരീക്ഷക്കായി ഉള്ള ക്വസ്റ്റ്യൻ ബാങ്ക് നിർമ്മാണത്തിൽ ന്യായവിഭാഗത്തിന്റെ കോ-ഓർഡിനേറ്റർ ആയി പ്രവർത്തിച്ചു. എൻഎസ്എസ് പ്രോഗ്രാം ഓഫീസറായി വ്യത്യസ്തമായ പരിപാടികളും സപ്തദിനക്യാമ്പും സംഘടിപ്പിച്ചു. റെഡ് റിബൺ ക്ലബ്ബിന്റെ കോ-ഓർഡിനേറ്റർ കൂടിയായ ജിജി വി. രക്തദാനക്യാമ്പും എയ്ഡ്സ് ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. മാലിന്യമുക്തകേരളം പദ്ധതി, കരിയർ ഗൈഡൻസ് സെൽ, CLMC തുടങ്ങിയ സെല്ലുകളിൽ മെമ്പറായി പ്രവർത്തിച്ചു. ന്യായവിഭാഗത്തിലെ 2 അധ്യാപികരുടെ റിട്ടേർമെന്റുമായി ബന്ധപ്പെട്ട് ന്യായ വിഭാഗത്തിൽ ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് സംസ്കൃതവിഭാഗം അദ്ധ്യക്ഷനായ ഡോ. കെ.കെ. രതീഷ് ന്യായകുസുമാഞ്ജലി എന്ന പുസ്തകത്തെ ആധാരമാക്കി ക്ലാസ്സ് എടുത്തു.

സ്റ്റുഡന്റ്സ് സൊസൈറ്റി ക്ലബ്ബ് കൺവീനറായും, ലൈബ്രറി കമ്മിറ്റി, CLMC , കരിയർ ഗൈഡൻസ് സെൽ, ബിൽഡിംഗ് കമ്മിറ്റി, പ്ലാനിംഗ് ബോർഡ്, ശാസ്ത്രസദസ്സ് എന്നീ കമ്മിറ്റികളിൽ അംഗങ്ങളായും പ്രവർത്തിച്ചിട്ടുണ്ട്.

ന്യായവിഭാഗത്തിലെ അധ്യാപികയായ ഡോ. വി.എൻ. ലേഖ പി.ടി.എ. സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. വിമുക്തി സെൽ, ആന്റി റാഗിംഗ് സെൽ എന്നിവയിൽ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

ന്യായവിഭാഗത്തിലെ അധ്യാപികയായ ഡോ. എം.പി. പ്രിയ

Hunger free campus committee member

Anti Drug cell committee Member എന്നീ കമ്മിറ്റികളിൽ പ്രവർത്തിച്ചു

Dr. Sumangala P.G.-Litterary Club Member ആയി പ്രവർത്തിച്ചിരുന്നു.

ന്യായവിഭാഗത്തിലെ അധ്യാപികയായ ഡോ. ജാസ്മിൻ എം.എം. എം.ജി. യൂണിവേഴ്സിറ്റി പരീക്ഷ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡ് ആയി പ്രവർത്തിച്ചു വരുന്നു. പരീക്ഷാ ഇൻവിജിലേറ്റർ I Sem BA, ക്വസ്റ്റിൻ ബാങ്ക് തയ്യാറാക്കൽ തുടങ്ങി പരീക്ഷാസംബന്ധമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിച്ചു. ന്യായവിഭാഗം ഓഫർ ചെയ്ത ആഡ് ഓൺ കോഴ്സിന്റെ കോഡിനേറ്റർ ആയിരുന്നു. III BA ട്യൂട്ടർ ആയിരുന്ന ടീച്ചർ ഡിസിപ്ലിൻ കമ്മിറ്റി, പെർഫോമിങ്ങ് ആർട്സ് ക്ലബ്ബ്, ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റസ് ഫോറം, കണ്ടിന്യൂവിങ് എഡ്യുക്കേഷൻ ഫോറം എന്നിവയിൽ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

ന്യായവിഭാഗത്തിലെ അധ്യാപികയായ ഡോ. സുബിത കെ.എ. ന്യായവിഭാഗം ട്യൂട്ടോറിയൽ മീറ്റിംഗ് കോർഡിനേറ്ററായും FYUGP ബി.എ. ഒന്നാം വർഷ വിദ്യാർത്ഥികളുടെ ട്യൂട്ടർ ആയും പ്രവർത്തിച്ചുവരുന്നു.

# വ്യാകരണ വിഭാഗം

2024-25 ജൂണിൽ ആരംഭിച്ച അദ്ധ്യയന വർഷത്തിൽ വ്യാകരണ വിഭാഗത്തിൽ 4 കുട്ടികളാണ് ബി.എ ക്ലാസിൽ ചേർന്നത്. എം.എക്ക് 5പേർ ചേർന്നിരുന്നു വ്യാകരണ വിഭാഗത്തിൽ ഗസ്റ്റ് അധ്യാപക നായി സുധിഷ് ഒ.എസ് എത്തിയിരുന്നു. വ്യാകരണവിഭാഗം വിദ്യാർത്ഥികൾ കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങളിൽ മുന്നിട്ടു പ്രവർത്തിച്ചു. സാഹിത്യവിഭാഗം അദ്ധ്യാപകനായ ഡോ. വി.പി. ഉദയകുമാറിന്റെ നേതൃത്വത്തിൽ വർഷം മുഴുവൻ സംഘടിപ്പിച്ച വാക്യാർത്ഥസദസ്സ് വിജയകരമായിരുന്നു. പ്രൊഫസ്സർ ജ്യോത്സ്ന.ജി വാക്യാർത്ഥത്തിന്റെ പരിശീലനം കുട്ടികൾക്ക് നൽകിയിരുന്നു അത് കുട്ടികൾ വളരെ ഉപയോഗ പ്പെടുത്തുകയും അത് വഴി പല വേദികളിൽ നിന്നും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. കൂടാതെ അന്തർദേശീയ തലത്തിൽ നേപ്പാളിൽ വച്ച് നടത്തിയ World കോൺഫറൻസിൽ വ്യാകരണ വിഭാഗത്തിലെ മാളവിക വിനോദ് എന്ന കുട്ടിക്ക് അവസരം ലഭിച്ചു. വിവിധവിഭാഗങ്ങളിലെ കുട്ടികൾ മറ്റു കലാലയങ്ങളിൽ പോയി മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങളും കരസ്ഥമാക്കി. സാഹിത്യവിഭാഗം മേധാവി ഡോ. സരിത മഹേശ്വരന്റെ ശിക്ഷണത്തിൽ അക്ഷരശ്ലോകപഠനം നടത്തിയ വിദ്യാർത്ഥികൾ പൂർണത്രയീശന്റെ ഉത്സവത്തിന് ശ്ലോക സദസ്സ് അവതരിപ്പിക്കു കയുണ്ടായി . മാതൃഭാഷാവാരാചരണം വായനാദിനം തുടങ്ങിയവയിൽ കുട്ടികളുടെ സജീവസാന്നിദ്ധ്യമുണ്ടായിരുന്നു. ബി.എ ക്ക് ഏറ്റവും കൂടുതൽമാർക്ക് നേടിയത് ഈ വിഭാഗ ത്തിലെ മാളവിക വിനോദ് ആണ്. റിസൽട്ട് 90 ശതമാനം ഫുൾ പാസ് ആണ്. പ്രിൻസിപ്പാൾ ഡോ കെ.ഡി ശോഭ വൈസ് പ്രിൻസിപ്പാൾ ഡോ. കെ. സി. സുശീല എന്നിവരുടെ റിട്ടയർമെന്റ് എല്ലാ വിഭാഗത്തിലുമുള്ള വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം കൊണ്ട് മികവുറ്റതായി . അതിന്റെ ഭാഗമായി വ്യാകരണവിഭാഗം ആറാം സെമസ്റ്റർ വിദ്യാർത്ഥിനികളുടെ നേതൃത്വത്തിൽ ഒരു നൃത്താവിഷ്കാരം നടത്തി. ഡിപ്പാർട്ട് മെന്റിലെ മൂന്ന് അധ്യാപകർ പ്രൊഫസ്സർ പദവിയിലെ ത്തി എന്നതും രണ്ട് അധ്യാ പകർ ഒഴികെയുള്ളവർ ഗൈഡ് ഷിപ്പ് ഉള്ളവരാണ് എന്നുള്ളതും വ്യാകരണ വിഭാഗത്തിന്റെ നേട്ടമായി പറയാം സന്തോഷപൂർണമായ കാലഘട്ടമായിരുന്നു എന്നാൽ മാർച്ച് മാസം അവസാനം നമ്മെ വേർപ്പിരിഞ്ഞ വേദാന്ത വിഭാഗം അധ്യക്ഷയും എല്ലാവരുടേയും സുഹൃത്തു കൂടിയായ ഡോ എം രഞ്ജിനി എല്ലാവർക്കും ഓർമ്മയായി നിൽക്കുന്നു.

# ജ്യോതിഷ വിഭാഗം

ഗവ. സംസ്കൃത കോളേജിൽ 2014-15 കാലഘട്ടത്തിലാണ് ജ്യോതിഷം ഡിഗ്രി കോഴ്സ് പുനരാരംഭിച്ചത് എങ്കിലും ഈ ചെറിയ കാലം കൊണ്ട് തന്നെ ആഗ്രഗണ്യമായ ഒരു സ്ഥാനം ഈ ഡിപ്പാർട്ട്മെന്റ് കരസ്ഥമാക്കിയിട്ടുണ്ട്. 3 വർഷത്തെ ജ്യോതിഷ ഡിഗ്രിയും 4 വർഷത്തെ ജ്യോതിഷ ഡിഗ്രി ഹോണേഴ്സ് ആണ് ഈ വിഭാഗത്തിൽ ഉള്ളത്. MA കോഴ്സിനു വേണ്ടി 2018 മുതൽ നിരന്തരം ആവശ്യമുന്നയിച്ച് അപേക്ഷിച്ചുവെങ്കിലും ഇതുവരെ അംഗീകരിച്ചു ലഭിച്ചില്ല എന്നത് ഈ വിഭാഗത്തിലേക്കുള്ള കുട്ടികളുടെ പ്രവേശനത്തെയും തുടർ പഠനത്തിനേയും ബാധിക്കുന്നു. എങ്കിലും പരീക്ഷ ഫലത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽ തന്നെയാണ്. അപ്രൂവിഡ് പോസ്റ്റ് 3 ആണ്. സ്ഥിരാദ്ധ്യാപകർ രണ്ടും. 2024-2025 അദ്ധ്യായന വർഷത്തിൽ 66% ആണ് പാസ്സ് നിരക്ക്. കരിക്കുലം പോലെ തന്നെ മറ്റ് പ്രവർത്തനങ്ങളിലും ഈ വിഭാഗത്തിലെ കുട്ടികൾ സജീവമാണ്. സ്റ്റേറ്റ് ലെവൽ ശലാകാ പരീക്ഷയിൽ ജ്യോതിഷത്തിൽ നിന്നുള്ള ശിശിരന് ഒന്നാം സ്ഥാനം ലഭിച്ചു എന്നത് അഭിമാനാർഹമാണ്.

# വേദാന്തം ഡിപ്പാർട്ട്മെന്റ്

2024-2025ൽ സർക്കാർ സംസ്കൃതകോളേജിലെ വേദാന്തവിഭാഗം അക്കാദമിക -അനക്കാദമികമേഖലകളിൽ സജീവമായ പ്രവർത്തനങ്ങൾ നടത്തി. 2024 ജൂൺ 30 ന് എസ് എൻ കോളേജ് ചേളന്നൂർ സംസ്കൃതവിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സന്തോഷ് സി. ആർ, ശങ്കരജയന്തി പ്രഭാഷണം ചെയ്തു. വേദാന്തവിഭാഗം മേധാവിയായിരുന്ന ഡോ. രഞ്ജിനി എം, എം.ജി. യു. യു. ജി.പി. കോളേജ് തല നോഡൽ ഓഫീസർ ആയി പ്രവർത്തിച്ചു. 2024 ബി. എ. യൂണിവേഴ്സിറ്റി തല പരീക്ഷയിൽ ഈ കോളേജിലെ വേദാന്തവിഭാഗം വിദ്യാർത്ഥിനിയായിരുന്ന നിള ആർ, രാജി ജെ. ആർ, എന്നിവർ എം. എ, ബി. എ വേദാന്തപരീക്ഷകളിൽ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. തുടർന്നുള്ള മാസങ്ങളിൽ ഡോ. സന്തോഷ് സി ആർ, ഈ കോളേജിലെ വേദാന്തവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ സജിത എം. എസ് എന്നിവർ ശങ്കരജയന്തി പ്രഭാഷണങ്ങൾ നടത്തി. ഫെബ്രുവരിമാസത്തിൽ 2018മുതൽ 2024 വരെ ഉള്ള വിദ്യാർത്ഥികളുടെ അലുമിനി മീറ്റ് നടത്തി. 18-02-2025 മുൻ പ്രിൻസിപ്പാളും വേദാന്തവിഭാഗം മേധാവിയുമായിരുന്ന പ്രൊഫസർ കെ പി പ്രസന്ന ശങ്കരജയന്തി അനുസ്മരണപ്രഭാഷണം നടത്തി. മാർച്ച് മാസം 27ന് ഉണ്ടായ വാഹനാപകടത്തിൽ വിഭാഗാദ്ധ്യക്ഷയായ ഡോ. രഞ്ജിനി എം ന് ദേഹവിയോഗം സംഭവിച്ചു എന്നത് വിഭാഗത്തെ സംബന്ധിച്ചും കോളേജിനെ സംബന്ധിച്ചും വലിയ നഷ്ടമായി എന്നത് പ്രസ്താവ്യമാണ്.

# കലോത്സവ വിജയികൾ



**Malavika Vinod**
Essay Writing Sanskrit
1st A Grade



**Farsana Faisal**
Mappila Pattu
A Grade



**Devika K A**
Short Story Writting English
A Grade



**Meenakshi V M**
Sasthreeya Sangeetham
A Grade



**Aiswarya A S**
Film Review
A Grade



**Daniya Rafi**
Poetry Recitation Arabic
A Grade



**Niveda K N**
Kavitha Parayanam
A Grade



**Malavika Vinod**
Short Story Writting Sanskrit
3rd A Grade














सर्वकारीयसंस्कृतमहाविद्यालयः
त्रिप्पूणित्तुरा


ഗവ. സംസ്കൃത കോളേജ്
തൃപ്പൂണിത്തുറ
നാഷണൽ സർവ്വീസ് സ്കീം



















ഗവ. സംസ്കൃത കോളേജ്
തൃപ്പൂണിത്തുറ
നാഷണൽ സർവ്വീസ് സ്കീം
യൂണിറ്റ് നം: 19


# നന്ദി

നിങ്ങളുടെ മികച്ച സഹകരണം മൂലം ഈ മാഗസിൻ വിജയകരമായി പൂർത്തിയായി. വിദ്യാർത്ഥികൾക്ക് മറക്കാൻ കഴിയാത്ത ഓർമ്മകൾ സമ്മാനിക്കുന്നതാകട്ടെ ഈ മാഗസിൻ എന്ന് ആശംസിക്കുന്നതിനോടൊപ്പം  ഈ മാഗസിൻ പ്രവർത്തനത്തിന്റെ ഭാഗമായ സ്ഥാപനത്തോടും, ഓഫീസ് അധികാരികളോടും, യൂണിയൻ അംഗങ്ങളോടും, അദ്ധ്യാപക അനദ്ധ്യാപകരോടും മറ്റ് വിദ്യാർത്ഥി സുഹൃത്തുക്കളോടും എല്ലാവരോടും ഹൃദയത്തിന്റെ ഭാഷയിൽ ഞാൻ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്ന്
വിനയപൂർവ്വം,

അതുല്യ എസ്
മാഗസിൻ എഡിറ്റർ




യുവ
ധ്വനി
The Voice of Youth